# Holy Voice

## Parish Bullettin

## ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം


പി.ഒ.മാടായിക്കോണം 680 712, തൃശ്ശൂർ ജില്ല

ഫോൺ :0480 2822740

രക്ഷാധികാരി
**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

മാനേജിംഗ് എഡിറ്റർ
**റവ.ഫാ.ജോസ് മാളിയേക്കൽ**
ഫോൺ : 0480 2826192, 9446628250

പുസ്തകം 15　　സെപ്തംബർ 2014



**എഡിററർ**
ജോർജ് എറാട്ടുകാരൻ 9605666658

**സെക്രട്ടറി**
ജോസഫ് കാച്ചപ്പിള്ളി 9400878280

**സബ്ബ് എഡിറ്റർ**
ജെസ്റ്റിൻ മംഗലത്ത് 9747552251

**അഡ്വെർടൈസ്മെന്റ് മാനേജർ:**
ജെയിംസ് നെല്ലിശ്ശേരി 9447466548

**ട്രഷറർ**
അനൂപ് ബേബി അറയ്ക്കൽ 9947272633

**എഡിറ്റോറിയൽ ബോർഡ്**
റവ.സി.ഡെൽസാ മരിയ FCC 2822935
ജോഷി മഞ്ഞളി 9895467530
ആന്റണി കള്ളാപറമ്പിൽ 9447240089
അനന്ത് അറയ്ക്കൽ 9846567891
ബീന തോമസ് ചേറേങ്ങാടൻ 9048244810
ക്രിസ്റ്റി പോളി ആഴ്ച്ചങ്ങാടൻ 9747941924

**ട്രസ്റ്റിമാർ**
ജോസ് ചെങ്ങാലൂക്കാരൻ 9747725558
ജോസഫ് കാച്ചപ്പിള്ളി 9400878280
സൈമൺ ചാക്കോര്യ 8547424191


**പേജുകളിലൂടെ...**


| | |
|---|---|
| ഇടവക ഡയറി | 2 |
| എഡിറ്റോറിയൽ | 3 |
| നവനാളും തിരുനാളും ഏറ്റെടുത്തവർ | 4 |
| ഇടയശബ്ദം | 5 |
| മനുഷ്യരെ നേടുന്ന മുക്കുവന്മാർ | 11 |
| ജാലകത്തിലൂടെ | 14 |
| സഭാവാർത്തകൾ | 17 |
| ആരോഗ്യചിന്തകൾ | 19 |
| ബാലപംക്തി | 20 |
| വിശുദ്ധരുടെ ജീവിതത്തിലൂടെ | 25 |
| കുരിശിലെ പ്രേഷിതത്വം | 27 |
| ക്വിസ് മത്സരം | 32 |
| നല്ല ശീലങ്ങളുടെ പ്രാധാന്യം | 33 |
| പിന്നിട്ടലോകം | 37 |
| നിങ്ങൾക്കറിയാമോ? | 39 |
| മെഗാ ക്വിസ് | 40 |
| കളറിംഗ് മത്സരം | 41 |
| കുരിശുമുത്തപ്പൻ - കവിത | 43 |
| ബൈബിൾ കലണ്ടർ | 44 |




# ഹോളി വോയ്സ്





## ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം

### പാരിഷ് ബുള്ളറ്റിൻ

സെപ്റ്റംബർ 2014

| തിയ്യതി | ഇടവക ഡയറി – സെപ്തംബർ 2014 | സമയം |
|---|---|---|
| 01 | എട്ടുനോമ്പ് ആരംഭം | |
| 1,2,3 | തിരുനാൾ ഒരുക്ക ധ്യാനം | 5.30 p.m. |
| 04 | തിരുനാൾ പതാക പ്രയാണം<br>മോട്ടോർ വാഹനങ്ങളുടെ വെഞ്ചിരിപ്പ് | 4.00 p.m.<br>6.00 p.m. |
| 05 | തിരുനാൾ കൊടിയേറ്റം | 7.00 a.m. |
| 5 - 13 | നവനാൾ ദിനങ്ങൾ | |
| 07 | ഏലിയ - സ്ലീവ - മൂശക്കാലം 1-ാം ഞായർ | |
| 08 | പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാൾ | |
| 10 | രൂപതാദിനം | |
| 12 | പള്ളി ദീപാലങ്കാരം സ്വിച്ച് ഓൺ കർമ്മം<br>മ്യൂസിയം ഉദ്ഘാടനം<br>മാർഗ്ഗ് ഫെസ്റ്റിവൽ സ്റ്റാൾ 2014 - ഉദ്ഘാടനം<br>ബഹുനിലപന്തൽ ദീപാലങ്കാരം സ്വിച്ച് ഓൺ കർമ്മം | 7.00 p.m.<br>7.10 p.m.<br>7.20 p.m.<br>7.30 p.m. |
| 13 | നവനാൾ സമാപനം - തിരി തെളിയിക്കൽ<br>പുഷ്പകുരിശ് എഴുന്നള്ളിപ്പ് | 5.30 p.m.<br>7.30 p.m. |
| 14 | വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ<br>ഏലിയ - സ്ലീവ - മൂശക്കാലം 2-ാം ഞായർ | |
| 15 | മരിച്ചവരുടെ ഓർമ്മയാചരണം<br>വി. റോസയുടെ തിരുനാൾ കുർബ്ബാന | 6.30 a.m.<br>5.00 p.m. |
| 19 | വെള്ളിയാഴ്ച ആചരണം | |
| 20 | വി. കുരിശിന്റെ നൊവേന | 5.30 p.m. |
| 21 | എട്ടാമിട തിരുനാളും നേർച്ച ഊട്ടും<br>ഏലിയ - സ്ലീവ - മൂശക്കാലം 3-ാം ഞായർ | |
| 26 | വെള്ളിയാഴ്ച ആചരണം | |
| 27 | ഉണ്ണിമിശിഹാ കപ്പേളയിൽ നൊവേന<br>വി. വിൻസന്റ് ഡി പോളിന്റെ തിരുനാൾ | 5.30 p.m. |
| 28 | ഏലിയ - സ്ലീവ - മൂശക്കാലം 4-ാം ഞായർ | |

ഫാ. ജോസ് മാളിയേക്കൽ, വികാരി & റെക്ടർ

**വെള്ളിയാഴ്ച ആചരണം : തിരുക്കർമ്മങ്ങൾ ഏറ്റെടുത്തവർ**

**19-09-2014** വടക്കൻ ജോസഫ് വിൻസന്റ്, നോർത്ത് ചാലക്കുടി

**26-09-2014** സേറ മരിയ സനു മാനാടൻ, അരൂർമുഴി

# എഡിറ്റോറിയൽ



അതിപുരാതനമായ ഒരു സംസ്കാരത്തിന്റെ പെരുമയുള്ള മാപ്രാണം ദേശം അതിന്റെ സർവ്വ ഐശ്വര്യങ്ങൾക്കും കാരണഭൂതനായ കുരിശുമുത്തപ്പന്റെ തിരുനാൾ ആഘോഷത്തിന്റെ ഒരുക്കങ്ങളുടെ പരമോന്നതിയിലേക്ക് എത്തിയിരിക്കുന്നു. ജാതിമതഭേദമെന്യേ കുരിശുമുത്തപ്പന്റെ ഓരോ ഭക്തരിലും അതിന്റെ പ്രതിധ്വനികൾ അലയടിക്കുന്നത് നമുക്കു കേൾക്കാം. സാർവ്വത്രിക സഭയിൽ വി. കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാൾ ദിവസം തന്നെ, മാപ്രാണം ഇടവക സമൂഹം ഈ തിരുനാൾ, കുരിശുമുത്തപ്പന്റെ തിരുനാളായി ആഘോഷിക്കുകയാണ്. ഐതിഹ്യങ്ങൾ എന്തൊക്കെയാണെങ്കിലും ഇന്നാട്ടുകാർക്ക് ഒരു കാര്യം ഉറപ്പാണ്, തങ്ങൾ എന്നും കുരിശുമുത്തപ്പന്റെ സംരക്ഷണയിലും വി. കുരിശിന്റെ തണലിലുമാണെന്ന്. വിളിച്ചാൽ വിളി കേൾക്കുന്ന കുരിശുമുത്തപ്പനെ ഒഴിവാക്കി വേറിട്ടൊരു അസ്തിത്വം തങ്ങൾക്കില്ലായെന്നും അവർക്ക് ബോധ്യമാണ്. അതുകൊണ്ടുതന്നെ ഓരോ വർഷവും കൂടുതൽ മോടിയോടെ തിരുനാൾ ആഘോഷിക്കേണ്ടത് തങ്ങളുടെ കർത്തവ്യമായി ഇന്നാട്ടുകാർ കാണുന്നു. ഭൗതികമായ ഒരുക്കങ്ങളൊക്കെ വളരെ നേരത്തെ ആരംഭിച്ചുകഴിഞ്ഞു. തിരുനാൾ ആഘോഷകമ്മിറ്റിയുടെ അശ്രാന്ത പരിശ്രമങ്ങളെ കുറിച്ച് നമുക്ക് പൂർണ്ണ ബോധ്യവുമാണ്. എന്നാൽ ഇതോടൊപ്പമോ, അതിൽ കൂടുതലായോ പ്രധാനപ്പെട്ടതാണ് നമ്മുടെ ആത്മീയമായ ഒരുക്കങ്ങൾ. തിരുനാളിനോടനുബന്ധിച്ചുള്ള നവവാരശുശ്രൂഷകളിൽ മറ്റുഇടവകകളിൽ നിന്നും ധാരാളം പേർ സംബന്ധിച്ചിട്ടുണ്ട്. എന്നാൽ ഈ തിരുക്കർമ്മങ്ങളിൽ നമ്മുടെ പങ്കാളിത്തം മറ്റു ഇടവകകളിൽ നിന്നും വന്നവർക്ക്, പ്രചോദനം പകരുംവിധത്തിലായിരുന്നുവോ എന്ന് വിലയിരുത്തേണ്ടത് നമ്മൾ തന്നെയാണ്. ഒരുക്കധ്യാനത്തിലേക്കും നവനാൾ ശുശ്രൂഷകളിലേക്കും ഇനി നമ്മൾ പ്രവേശിക്കുകയാണ്. ഇക്കാര്യങ്ങളിൽ അതീവ നിഷ്ക്കർഷയോടെ പ്രവർത്തിക്കുന്ന ബഹു.വികാരിയച്ചനോടു ചേർന്ന് നമുക്ക് ഒറ്റമനസ്സോടെ മുന്നോട്ട് നീങ്ങാം. നവനാൾ ശുശ്രൂഷകളിൽ ഇടവകസമൂഹം മുഴുവൻ പങ്കാളികളാകുമ്പോൾ സംഭവിക്കുന്ന ആത്മീയ ഉണർവിന്റെ ചൈതന്യം മറ്റു ഇടവകകളിലെ വിശ്വാസികളിലേക്കും പകരുമെന്ന് ഉറപ്പാണ്. അതിനായി നമുക്കൊരുങ്ങാം. പ്രിയപ്പെട്ടവരേ, ഒരുകാര്യം കൂടി. നാമും നമ്മുടെ കുടുംബവും തിരുനാൾ ആഘോഷത്തിമർപ്പിൽ മുഴുകുമ്പോൾ, നമ്മുടെ അയൽവീട്ടിലും ഈ ആഘോഷങ്ങളുണ്ടെന്ന് ഉറപ്പുവരുത്തേണ്ട കടമ ക്രൈസ്തവരെന്ന നിലയിൽ നമുക്കുണ്ടെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. സാമ്പത്തികക്ലേശങ്ങൾ അവരെ പിന്നോട്ടുതള്ളുമ്പോൾ അവരുടെനേരെ സഹായഹസ്തം നീട്ടുവാൻ നാം മറക്കരുതേ.

**സ്നേഹപൂർവ്വം, ജോർജ്ജ് എറാട്ടുകാരൻ** (എഡിറ്റർ)

| തിയ്യതി | നവനാളും തിരുനാളും ഏറ്റെടുത്തവരും, സമർപ്പണം നടത്തേണ്ട കുടുംബകൂട്ടായ്മകളും - സെപ്തംബർ 2014 | സമയം |
|---|---|---|
| 05 | തിരുനാൾ കൊടിയേറ്റം - കുറ്റിക്കാടൻ ഔസേപ്പ് വർഗ്ഗീസ്<br>വി. കുർബ്ബാന - പള്ളിപ്പാടൻ ബൈജു ക്രിസ്റ്റി<br>നൊവേന - കൊക്കൻ ഫ്രാൻസിസ് ജോബ്<br>സെന്റ് ആന്റണീസ്, സെന്റ് മേരീസ് II | 7.00 a.m.<br>4.00 p.m.<br>5.30 p.m. |
| 06 | വി. കുർബ്ബാന - കാങ്കപ്പാടൻ ജോസഫ് ജോബി<br>നൊവേന - കള്ളാപറമ്പിൽ ദേവസി പൗലോസ്<br>ഹോളിക്രോസ്, വാ. മദർ തെരേസ | 4.00 p.m.<br>5.30 p.m. |
| 07 | വി. കുർബ്ബാന - കൊരുമ്പേരി ജോർജ് ചുമ്മാര്<br>നൊവേന - ചക്രംപുള്ളി അന്തോണി പീറ്റർ<br>സെന്റ് ജോസഫ്, ഇൻഫന്റ് ജീസസ് | 4.00 p.m.<br>5.30 p.m. |
| 08 | വി. കുർബ്ബാന - മച്ചിങ്ങൽ ജോൺസൻ ജെസ്ബിൻ<br>നൊവേന - തയ്യാലയ്ക്കൽ പൗലോസ് ജോയ്, ബാംഗ്ളൂർ<br>സെന്റ് സെബാസ്റ്റ്യൻ, സെന്റ് ഗീവർഗീസ് | 4.00 p.m.<br>5.30 p.m. |
| 09 | വി. കുർബ്ബാന - കുറ്റിക്കാടൻ ആന്റണി ഭാര്യ റോസി<br>നൊവേന - ചിറമ്മൽ പെരിങ്ങോട്ടുകരക്കാരൻ ജോർജ് മാത്യൂസ്<br>സെന്റ് റോസ്, സെന്റ് അൽഫോൻസ | 4.00 p.m.<br>5.30 p.m. |
| 10 | വി. കുർബ്ബാന - നായങ്കര ചിന്നൻ പോൾ സുജീഷ് & സിൻസി<br>നൊവേന - ഏറാട്ടുകാരൻ ജോർജ് കുര്യൻ<br>സെന്റ് മേരീസ് I | 4.00 p.m.<br>5.30 p.m. |
| 11 | വി. കുർബ്ബാന - ഏറാട്ടുപറമ്പിൽ വറീത് സ്റ്റീഫൻ<br>നൊവേന - കള്ളാപറമ്പിൽ ഡേവീസ് ഡെജിൻ & ഡോൺ<br>സെന്റ് ജോൺ II | 4.00 p.m.<br>5.30 p.m. |
| 12 | വി. കുർബ്ബാന - ചാതേലി ഫ്രാൻസിസ് ഡെയ്സൺ<br>നൊവേന - ചാക്കോര്യ അന്തോണി അന്തോണി<br>സെന്റ് സേവ്യർ | 4.00 p.m.<br>5.30 p.m. |
| 13 | രൂപം എഴുന്നള്ളിപ്പ് - കുറ്റിക്കാടൻ ഇട്ടിക്കുരു നിക്കോളാസ്<br>വി. കുർബ്ബാന - വടക്കൻ കുരിയാക്കു ജോണി<br>നൊവേന - അമ്പാടൻ ഡെന്നി ഭാര്യ സിന്റ<br>സെന്റ് ജോർജ്, സെന്റ് ജോൺ I | 7.00 a.m.<br>4.00 p.m.<br>5.30 p.m. |
| 14 | തിരുനാൾ കുർബ്ബാന - വെള്ളാനിക്കാരൻ<br>ഇമ്മാനുവേൽ സന്ദീപ്, ചേലൂർ | 10.00 a.m. |
| 20 | എട്ടാമിടം നൊവേന - ചാക്കോര്യ ജോസ് ആന്റണി | 5.30 p.m. |




യേശുവിൽ ഏറ്റവും പ്രിയപ്പെട്ടവരെ,

അതിപുരാതനവും രൂപതാ തീർത്ഥാടന കേന്ദ്രവുമായ നമ്മുടെ ദൈവാലയത്തിന്റെ പ്രതിഷ്ഠയായ വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ കുരിശുമുത്തപ്പന്റെ തിരുനാളായി ആഘോഷിക്കുവാൻ നമ്മൾ ഒരുങ്ങി കഴിഞ്ഞു. സാർവ്വത്രികസഭ വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാളായി ആഘോഷിക്കുന്ന സെപ്റ്റംബർ 14ന് തന്നെയാണ് പാരമ്പര്യമായി നമ്മുടെ ഇടവകയിലും ഈ തിരുനാൾ ആഘോഷിക്കുന്നത്. ഒരുപക്ഷെ കേരളസഭയിലും ഭാരതസഭയിലും ഇതേ തിയ്യതിയിൽ ഇത്രയും ആഘോഷമായി വി.കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ, ആഘോഷിക്കുന്നുണ്ടോയെന്ന് സംശയമാണ്. അതുകൊണ്ട് വിദൂരസ്ഥലങ്ങളിൽ നിന്നും അനേകംപേർ ഈ തിരുനാളിൽ സംബന്ധിക്കുവാൻ എത്തിച്ചേരാറുണ്ട്. അങ്ങനെ ചിന്തിച്ചാൽ മാപ്രാണം കുരിശുമുത്തപ്പന്റെ തിരുനാൾ വി. കുരിശിന്റെ തീർത്ഥാടന തിരുനാൾ കൂടിയാണ്. നൂറ്റാണ്ടുകളായി മാപ്രാണം ദേശത്തും ഇടവകയിലും മുഴങ്ങികേൾക്കുന്ന "കുരിശുമുത്തപ്പാ ഞങ്ങളെ അനുഗ്രഹിക്കണമെ" എന്നുള്ള ഹൃദയത്തിൽ നിന്നുയരുന്ന പ്രാർത്ഥനയോടെ ഈവർഷവും വി.കുരിശിനെ ആശ്ലേഷിക്കുവാനും, വി. കുരിശിന്റെ സംരക്ഷണം സ്വീകരിക്കുവാനും, അതുവഴി കുരിശുമുത്തപ്പന്റെ അനുഗ്രഹം പ്രാപിക്കുവാനും നമുക്കാകട്ടെ. 9 വെള്ളിയാഴ്ചകളിലെ നവ വാരാചരണത്തിൽ ത്യാഗത്തോടെ പങ്കെടുത്ത് ധന്യരായ നമുക്ക്, ഈ വർഷത്തെ നവനാൾ ആഘോഷങ്ങളിലും തിരുനാൾ തിരുക്കർമ്മങ്ങളിലും പൂർണ്ണമായി സംബന്ധിച്ച് കുറച്ചുകൂടി ആത്മീയനിറവിലേക്ക് വളരാം.

AD. 326ൽ വി. ഹെലേന രാജ്ഞിയുടെ നേതൃത്വത്തിൽ ഗാഗുൽത്താമലയിൽ നിന്ന് വിശുദ്ധകുരിശ് കണ്ടെടുത്തതിനെ

തുടർന്ന് പിറ്റേവർഷം മുതൽ സാർവ്വത്രികസഭയിൽ വി.കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ആചരിച്ചു തുടങ്ങിയതായി സഭാചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. നൂറ്റാണ്ടുകൾക്കുമുൻപ് തന്നെ ആരംഭിച്ചിട്ടുള്ള ഈ തിരുനാൾ സഭയിൽ ഏറ്റവും നല്ലനിലയിൽ തന്നെയാണ് ഇപ്പോഴും ആഘോഷിക്കപ്പെടുന്നത്. ആഗോള കത്തോലിക്കസഭ വി.കുരിശിന്റെ തിരുനാൾ സഭയിലെ പ്രധാന തിരുനാളുകളിൽ ഒന്നായി ആഘോഷിക്കുമ്പോൾ വി.കുരിശ് പ്രത്യേകമായി പ്രതിഷ്ഠിക്കുകയും, വി. കുരിശിന്റെ തിരുശേഷിപ്പ് സൂക്ഷിക്കുകയും ചെയ്തിട്ടുള്ള നമ്മുടെ ദൈവാലയം എത്രയോ ധന്യവും പരിപാവനവുമാണ് എന്ന് നാം ഓർക്കണം. അപ്രകാരമുള്ള ഒരു ദൈവാലയത്തിലെ അംഗങ്ങളാകുവാൻ കഴിഞ്ഞ നമ്മൾ, എത്രയോഭാഗ്യമുള്ളവരും അനുഗ്രഹീതരുമാണ്. ഒരു സഹസ്രാബ്ദത്തിനുമുൻപ്, കൃത്യമായി പറഞ്ഞാൽ AD 928 ലാണ് നമ്മുടെ ദൈവാലയം സ്ഥാപിക്കപ്പെട്ടത്. ചരിത്രം പരിശോധിച്ചാൽ ഇന്ത്യയിൽ വി. കുരിശിന്റെ പ്രതിഷ്ഠയിൽ ആദ്യമായി സ്ഥാപിതമായത് നമ്മുടെ ദൈവാലയമാണെന്ന് ബോധ്യമാകും. എത്രയോ പൗരാണികതയും പാരമ്പര്യങ്ങളും നിറഞ്ഞുനിൽക്കുന്ന ഒരു ദൈവാലയവും ഇടവകയുമാണ് നമ്മുടേത് എന്നുള്ളതിൽ നമുക്ക് അഭിമാനം കൊള്ളാം.

ഈവർഷം നമ്മൾ ഇടവകയുടെ 1086-ാം തിരുനാൾ ആഘോഷിക്കുകയാണ്. യഹൂദർക്ക് ഇടർച്ചയും വിജാതിയർക്ക് ഭോഷത്വവും വിശ്വാസികൾക്ക് രക്ഷയുടെ അടയാളവും ആയ വി.കുരിശിന്റെ തിരുനാൾ ആഘോഷം നമ്മുടെ വ്യക്തിജീവിതത്തിൽ കുരിശിന്റെ മഹത്വം ഉൾക്കൊണ്ട് നമ്മുടെ വിശ്വാസജീവിതത്തിന്റെ മുന്നേറ്റം സാധ്യമാക്കണം. ഒപ്പംതന്നെ വിശ്വാസ ജീവിതത്തിന്റെ വഴിത്താരയിൽ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്ന സാഹചര്യങ്ങളെ തരണം ചെയ്യാൻവേണ്ട ശക്തി വി. കുരിശിൽ നമ്മൾ കണ്ടെത്തണം. കാൽവരിയിൽ കുരിശുമരണത്തിലൂടെ യേശു നമുക്കു രക്ഷ സാധിച്ചു നൽകിയെങ്കിൽ നമ്മുടെ സഹനങ്ങളിലും ജീവിതവിജയം കുരിശിലൂടെ കണ്ടെത്തുവാൻ നമ്മൾക്കാകണം. മനുഷ്യജീവിതസാഹചര്യങ്ങളിലെ ക്ലേശനാളുകളിൽ നഷ്ടധൈര്യരാകാതെ പ്രതീക്ഷയോടെ മുന്നേറുവാനും ജീവിതവിജയം നേടുവാനും നമുക്ക് കഴി

യണം. കൂടുതൽ വിശുദ്ധിയിലേക്കു വളർന്ന് യേശുക്രിസ്തുവിനെ സ്വന്തമാക്കുവാൻ അവിടുത്തെ കുരിശ് നമ്മെ ശക്തിപ്പെടുത്തട്ടെ. കൂടാതെ വിശ്വാസകൂട്ടായ്മയിൽ മുന്നേറുന്ന ഇടവക, ഒരു കുടുംബമാണെന്നും ഒരു സ്നേഹസമൂഹമാണെന്നും തിരിച്ചറിയുവാൻ ഈ തിരുനാൾ നമ്മെ സഹായിക്കട്ടെ. ഈ വർഷം മുതൽ പ്രത്യേകമായി നവനാൾ കുർബാനയിലും തുടർന്നുള്ള പ്രദക്ഷിണത്തിലും വി.കുരിശിന്റെ നൊവേനയിലും പങ്കെടുക്കുവാൻ നമ്മൾ ഉത്സുകരാകണം. പ്രധാന തിരുനാൾദിനത്തിലെ വിശുദ്ധ കുർബാനയിലും ഉച്ചകഴിഞ്ഞ് 3.30ന് ആരംഭിക്കുന്ന തിരുനാൾ പ്രദക്ഷിണത്തിലും തുടർന്നുള്ള വി. കുരിശിന്റെ തിരുശേഷിപ്പ് ചുംബനത്തിലും പങ്കുചേർന്ന് നമുക്ക് സായൂജ്യമടയാം, അനുഗ്രഹീതരാകാം. 21-ാം തിയ്യതിയിലെ എട്ടാമിട തിരുനാളിലും, നേർച്ചയൂട്ടിലും പങ്കെടുത്ത് നമ്മുടെ കൂട്ടായ്മ ഊഷ്മളമാക്കാം.

ഈ വർഷത്തെ തിരുനാൾ മനോഹരമാക്കുവാൻ സഹായിക്കുന്ന തിരുനാൾ കൺവീനർമാർക്കും, കമ്മറ്റി അംഗങ്ങൾക്കും, സഹായങ്ങൾ ചെയ്യുന്ന ഏവർക്കും, ഇടവകസമൂഹത്തിനും, തീർത്ഥാടകരായി വരുന്നവർക്കും പ്രത്യേക നന്ദിയും, സ്നേഹപൂർവ്വമായ തിരുനാൾ ആശംസകളും.

കുരിശുമുത്തപ്പൻ ഈ വർഷത്തിൽ നമുക്ക് നൽകിയ വലിയ അനുഗ്രഹമാണ് നമുക്ക് ലഭിച്ച ഹയർ സെക്കന്ററി സ്കൂൾ. ആരുടെയും ശുപാർശയോ മറ്റുകാര്യങ്ങളോ ഇല്ലാതെ കുരിശുമുത്തപ്പന്റെ അനുഗ്രഹത്താൽ മാത്രം നമുക്ക് ലഭിച്ച സമ്മാനമാണ് ഹയർ സെക്കന്ററി സ്കൂൾ. ഏറ്റവും നല്ലനിലയിൽ സ്കൂൾ മുന്നോട്ട് കൊണ്ടുപോകുവാനും, ഇവിടെ പഠിക്കുന്ന കുട്ടികൾ നല്ല വിദ്യാഭ്യാസത്തിൽ വളരുവാനും നിങ്ങളുടെ പ്രാർത്ഥന പ്രത്യേകം അഭ്യർത്ഥിക്കുന്നു.

എല്ലാവർക്കും വി.കുരിശിന്റെ പുകഴ്ചയുടെ
തിരുനാൾ ആശംസകൾ നേരുന്നു

വിശുദ്ധ കുരിശിന്റെ സംരക്ഷണയിൽ
യേശുവിൽ സ്നേഹപൂർവ്വം
**ഫാ. ജോസ് മാളിയേക്കൽ**
വികാരി & റെക്ടർ



# മനുഷ്യരെ നേടുന്ന മുക്കുവന്മാർ



ഫാ. ജോൺസൺ തലിയത്ത്
സി.എം.ഐ.
മഡഗാസ്കർ

യേശു അവരോടു പറഞ്ഞു. "എന്നെ അനുഗമിക്കുവിൻ. ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം". (മത്താ. 4:19)

## TSY MISY

റ്റ്സി മിസി (**Tsy Misy**) എന്നു പറഞ്ഞാൽ ഇല്ല എന്നാണർത്ഥം. മലഗാസികൾ പരസ്പരം കണ്ടാൽ അഭിവാദനം ചെയ്ത് ചോദിക്കും, എന്താണ് വിശേഷം? (**Inona no Vaovao**). അമ്മ മരിച്ചയാളോടും ചോദ്യം ചോദിച്ചാൽ ഉത്തരം പെട്ടെന്നുവരും "**Tsy Misy**"എന്നുവച്ചാൽ വിശേഷം ഒന്നും ഇല്ല. ഇതൊരു അഭിവാദന രീതിയാണ്.

ഞങ്ങൾക്ക് മുമ്പ് മിഷണറിയായിവന്ന ഒരച്ചൻ ഒരിക്കൽ മാമോദിസ നല്കുവാനായി പള്ളിയിലെത്തി.മാമോദിസ രജിസ്റ്ററിൽ പിതാവിന്റെ പേരെഴുതുന്ന കോളത്തിൽ പലമാതിരി പേരുകൾ കണ്ടു. എന്നാൽ പലകുഞ്ഞുങ്ങളുടെയും പിതാവിന്റപേര് ഒന്നാണെന്നുള്ളത് അച്ചനെ അദ്ഭുതപ്പെടുത്തി. അത് "**Tsy Misy**" ആയിരുന്നു. കാര്യം അറിയാൻ കപ്യാരെ വിളിച്ച് അച്ചൻ ചോദിച്ചു ഈ "**Tsy Misy**"ക്ക് ഇത്രയധികം കുട്ടികളോ?കപ്യാർ വിശദീകരിച്ചുകൊണ്ട് പറഞ്ഞു. "അച്ചോ, അത് അപ്പനില്ലാത്ത കുട്ടികളാണ്". **Tsy Misy** എന്നു എഴുതിയാൽ അപ്പനില്ല എന്നാണർത്ഥം. (**Misy** = ഉണ്ട് **Tsy Misy** = ഇല്ല). ഇവിടെ, പ്രത്യേകിച്ചും ഗ്രാമങ്ങളിൽ പല പെൺകുട്ടികളും പ്രസവിക്കുന്നത് അപ്പനെ വെളിപ്പെടുത്താൻ പറ്റാത്ത അവസ്ഥയിലായിരിക്കും. അപ്പൻ തന്റെ കടമകൾ നിറവേറ്റിയില്ലെങ്കിൽ ഔദ്യോഗികമായി അവൻ അപ്പനല്ല. അപ്പന്റെ പേരെഴുതുന്ന സ്ഥലത്ത് അപ്പനില്ല എന്നാണെഴുതുക. ഇതുകൊണ്ടാണ് പലകുഞ്ഞുങ്ങളുടേയും അപ്പൻ "**Tsy Misy**"ആയതും അച്ചൻ തെറ്റിദ്ധരിച്ചതും.

**വിവാഹം സ്വർഗ്ഗത്തിൽ**

വിവാഹജീവിതത്തിന്, ജീവിതത്തിൽ അതിയായ സ്ഥാനമുണ്ടെങ്കിലും വിവാഹമെന്ന ചടങ്ങിനും ധാരാളിത്തത്തിനും വലിയ ആവശ്യകത, ഗ്രാമങ്ങളിൽ കഴിയുന്ന മലഗാസികൾക്ക് അനുഭവപ്പെടാറില്ല. നമ്മുടെ രീതിയിലുള്ള, കാരണവന്മാർ തീരുമാനിച്ചുറപ്പിക്കുന്ന വിവാഹങ്ങൾ ഇവിടെ അപൂർവ്വം. ആൺകുട്ടിയും പെൺകുട്ടിയും പരസ്പരം ആകൃഷ്ടരായി കുടുംബജീവിതത്തിലേക്ക് വഴുതിവീഴുകയാണ് പതിവ്. അതിനുള്ള സ്വാതന്ത്ര്യം അവർക്ക് സമൂഹത്തിലുണ്ട്. ഇതിന്റെ ദൂഷ്യവശം പെൺകുട്ടികൾ വളരെ ചെറിയപ്രായത്തിൽ അമ്മമാരാകുന്നു എന്നുള്ളതാണ്. ഹൈസ്ക്കൂളിൽ പഠിക്കുന്ന

പെൺകുട്ടികൾ ഇതുമൂലം പഠനം നിറുത്തേണ്ടിവരുന്നു. ചെറുപ്പകാലത്തുള്ള ഈ ഗർഭധാരണം അലസിപ്പിച്ച് മരണമടയുന്ന പെൺകുട്ടികളുണ്ട്. അംഗീകൃത വിവാഹജീവിതത്തിന്റെ അഭാവത്തിൽ കൈകഴുകി രക്ഷപ്പെടുന്ന ആൺകുട്ടികളുമുണ്ട്. പരസ്പരം ഇഷ്ടപ്പെട്ട് വിവാഹം കഴിക്കുവാൻ താൽപര്യപ്പെടുന്ന യുവതീയുവാക്കളുടെ മാതാപിതാക്കൾ പാരമ്പര്യരീതിയനുസരിച്ച് ഒരുമിച്ചുകൂടി വിവാഹം നിശ്ചയിക്കുന്ന പതിവുണ്ട്. രണ്ടുവിഭാഗക്കാരും ഒരു ഭവനത്തിൽ ഒത്തുകൂടുന്നു. അവിടെ വച്ച് രണ്ടു കൂട്ടരും മാറിമാറിപ്പറയുന്ന "കബാറി"(**kabary**)യിലൂടെയാണ് വിവാഹം നിശ്ചയിക്കുന്നത്. കബാറി ഒരുതരം പ്രഭാഷണമാണ്. സ്ത്രീധനത്തിനു പകരം പുരുഷധനം പെൺകുട്ടിയുടെ ബന്ധുക്കൾക്ക് നൽകുന്നു. ഗ്രാമങ്ങളിൽ അതൊരു കാളയോ മറ്റു വസ്തുക്കളോ, പണമോ ആയിരിക്കും. ഇനി അല്പം കൂടി പുരോഗമിച്ചവരുടെയിടയിൽ, വിവാഹം രജിസ്റ്റർ ചെയ്യണം എന്ന് ഗവൺമെന്റ് നിഷ്കർഷിക്കുന്നതുകൊണ്ട്, വിവാഹം രജിസ്റ്റർ ചെയ്യപ്പെടുന്ന അവസരമാണ് ആഘോഷത്തിന് തിരഞ്ഞെടുക്കുന്നത്. വിവാഹം കഴിക്കാതെ തന്നെ ഒരുമിച്ചു കഴിയുന്ന അവസരത്തിൽ ആൺകുട്ടി പെൺകുട്ടിയുടെ രക്ഷിതാക്കൾക്ക് എന്തെങ്കിലും നല്കി അവരുടെ കണ്ണടപ്പിക്കുന്ന ഒരു രീതിയുണ്ട്. രക്ഷിതാക്കളുടെ മൗനാനുവാദത്തിന് ഒരു കൈക്കൂലി. വിശ്വാസമനുസരിച്ചുള്ള വിവാഹം നഗരങ്ങളിൽ ചെറുപ്പത്തിൽ തന്നെ നടക്കുമെങ്കിലും, ഗ്രാമങ്ങളിൽ പ്രായമായതിനുശേഷമാണ് വധൂവരന്മാർ അതിന് തയ്യാറാകുന്നത്. നമ്മുടെ നാട്ടിൽ വധൂവരന്മാർക്ക് വേണ്ടി അവരുടെ മാതാപിതാക്കൾ ചെയ്യുന്ന പലകാര്യങ്ങളും ഇവിടെ വിവാഹാവസരത്തിൽ വധൂവരന്മാരുടെ മക്കളാണ് ചെയ്യുന്നത്.

Andranotafika എന്ന "കുറാവു"വർഗ്ഗക്കാരുടെ ഗ്രാമങ്ങളിൽ ഇന്ന് നാലുചക്രവാഹനങ്ങൾ കടന്നുപോകുന്ന നിരപ്പായ വഴിയും, പാലവും പള്ളിയും ഉണ്ട്. പള്ളിയുടെ കീഴിൽ ഒരുമിച്ചു നിന്നാണ് ഗ്രാമക്കാരിത് സാധിച്ചെടുക്കുന്നത്. കുട്ടികളായിരുന്നു അവിടേക്ക് ഞങ്ങളെ ആദ്യം സ്വാഗതം ചെയ്തത്. കുഞ്ഞുങ്ങളുമായുള്ള ചങ്ങാത്തം ഗ്രാമത്തിലെ മുതിർന്നവരെയും കാരണവന്മാരെയും ഞങ്ങളിലേക്ക് അടുപ്പിച്ചു. പതിവ് പോലെ വിദ്യാലയവും പള്ളിയും വേണമെന്നവർ ആവശ്യപ്പെട്ടു. അന്നവിടേക്ക് ഇരുചക്രവാഹനമായ കാളവണ്ടിയും സൈക്കിളും മാത്രമെ കടന്നുചെല്ലുകയുള്ളു. അവിടുത്തെ മൂപ്പനായ കാരണവർ പറഞ്ഞാൽ എന്തും അവിടെ നടപ്പിലാവും. കാരണം ഭാര്യമാരും മക്കളും മരുമക്കളും പേരക്കുട്ടികളും ബന്ധുക്കളും നിറഞ്ഞതാണീ ഗ്രാമം. പള്ളിയും സ്കൂളും പുതിയ വഴിയും പാലവും എല്ലാം പണിതീർന്നപ്പോൾ, കാലിൽ നീരുവന്നതുമൂലം നില്ക്കാൻ സാധിക്കാത്ത അവസ്ഥയിലാണെങ്കിലും മൂപ്പനായ കാരണവർക്കൊരു മോഹം, ഇനി പുതിയ പള്ളിയിൽ തന്റെ കല്യാണവും ആയിക്കളയാം എന്ന്. വയസ്സ് 85. രണ്ട് ഭാര്യമാരുണ്ട്, ആരെ വരിക്കും? ആരും തന്നെ മാമോദിസ എന്താണെന്നറിഞ്ഞിട്ടില്ല. ഇനി ഒരാളെ പള്ളിയിൽ വച്ചു കെട്ടാമെന്നു കരുതിയാൽ

ഗവൺമെന്റു നിയമപ്രകാരം ആദ്യം വിവാഹം രജിസ്റ്റർ ചെയ്യണം. വിവാഹം രജിസ്റ്റർ ചെയ്താലോ, അതിലുള്ള മക്കൾക്കാകും പിൻതുടർച്ച അവകാശം. അത് മറ്റു ഭാര്യയിലെ മക്കൾക്കു ദോഷമാകും. എന്തുചെയ്യും? കാരണവർക്കു മരിക്കുന്നതിനുമുമ്പ് ക്രിസ്താനിയാകണം എന്നു വലിയ നിർബന്ധം. ദേവാലയം ആശീർവദിക്കാൻ എത്തിയ പിതാവിനെക്കണ്ടു സങ്കടം പറഞ്ഞു, മക്കൾക്കൊപ്പം മാമോദിസ സ്വീകരിക്കാൻ അനുവാദം വാങ്ങി. മരിച്ചപ്പോൾ ക്രിസ്ത്യാനിയുടെ മുദ്ര നെറ്റിയിലണിഞ്ഞുതന്നെ പരലോകത്തേക്ക് യാത്രയായി. അദ്ദേഹത്തിന്റെ മൂത്തമകനാണ് ഇന്ന് അവിടത്തെ പള്ളി പ്രസിഡണ്ട്. അങ്കിലിസാത്തുവിൽ നമ്മുടെ ബോർഡിങ്ങിൽ നിന്നു പഠിച്ച പേരക്കുട്ടിയാണ് catechist-ഉം പ്രാർത്ഥനകൾ നയിക്കുന്നതും.

(തുടരും)

---

## ആഗസ്റ്റ് ലക്കം ക്വിസ് മത്സരത്തിൽ ശരിയുത്തരം എഴുതിയവർ

(1) ആൻ ജാക്വലിൻ ജെയ്സൻ - ഇൻഫന്റ് ജീസസ്, (2) ഷൈജി ഡേവിസ് - സെന്റ് ജോൺ I, (3) സ്മിനു ജെൻസൻ - ഹോളിക്രോസ്, (4) ഗിൽസ ജോസ് - സെന്റ് മേരീസ് I, (5) സ്വിഗേഷ്പോൾ - സെന്റ് സെബാസ്റ്റ്യൻ, (6) മേരിജോസ് തെക്കെത്തല - സെന്റ് റോസ്, (7) ഡിൻസി ജോൺസൺ - സെന്റ് മേരീസ് II, (8) ജിൽന ജോൺ - സെന്റ് മേരീസ് I, (9) ജിസ്മി ജിൽസൻ - സെന്റ് റോസ്, (10) ജോഷ്മ വിന്റോ - സെന്റ് ഗീവർഗീസ്, (11) മേഴ്സി ജോയ് - സെന്റ് ഗീവർഗീസ്, (12) ലിജി ബിജു- സെന്റ് ജോൺ I, (13) ജെന്നി ജെൻസൻ - സെന്റ് ജോൺ I, (14) സിയ റൂബി സൻ - സെന്റ് മേരീസ് II, (15) ഷാലി ജോൺസൻ - സെന്റ് സെബാസ്റ്റ്യൻ (16) റീമ സിന്റോ - സെന്റ് സെബാസ്റ്റ്യൻ

---

## കഴിഞ്ഞലക്കം ക്വിസ് ശരിയുത്തരങ്ങൾ

(1) കർദ്ദിനാൾ ദുരൈ സാമി സൈമൺ ലൂർദ്ദ്സാമി (2) തിരുവാകോട്-കന്യാകുമാരി ജില്ല (3) ഗലാ 2:10 (2:16 ആണ് ശരി. എന്നാൽ കേരള സഭയിൽ 2:10 എന്ന് തെറ്റായി - അച്ചടിപിശക്-വന്നിരിക്കുന്നു) (4) കർദ്ദിനാൾ തിസ്സരാങ് (5) മലാവത്പുരന (6) ബ്രദർ ജൂനിപ്പർ (7) എറിക്സൻ (8) 1322 (9) ഫാ. ജോസഫ് വടക്കൻ (10) പോൾ ആറാമൻ (11) സെന്റ് തോമസ് മൗണ്ട് (12) സ്കോട്ട്ലന്റ് (13) ചെമ്മരിയാട് (14) കുട്ടികളെ, കർത്താവിൽ നിങ്ങൾ മാതാപിതാക്കന്മാരെ അനുസരിക്കുവിൻ. അത് ന്യായയുക്തമാണ്. നിങ്ങൾക്ക് നന്മ കൈവരുന്നതിനും ഭൂമിയിൽ ദീർഘകാലം ജീവിക്കുന്നതിനുംവേണ്ടി മാതാവിനേയും പിതാവിനേയും ബഹുമാനിക്കുക (15) ബിഷപ്പ് വില്യം ജക്വിന്താ

# ജാലകത്തിലൂടെ...



ജെസ്റ്റിൻ ജോസ് എം.

കെട്ടിട ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളാണ് ഈ ലക്കത്തിലെ പ്രതിപാദനവിഷയം. കെട്ടിട ഉടമസ്ഥാവകാശത്തിനായി മുനിസിപ്പൽ സെക്രട്ടറിക്ക് 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് വെള്ളക്കടലാസിൽ കെട്ടിട നമ്പറും എവിടെ ഹാജരാക്കുന്നതിനാണെന്നുള്ള കാര്യവും സൂചിപ്പിച്ച് നികുതി കുടിശ്ശിക തീർത്ത് അപേക്ഷ സമർപ്പിക്കണം. കെട്ടിട നികുതി അസസ്മെന്റ് രജിസ്റ്ററിലെ ഉടമസ്ഥനാണെങ്കിൽ ഫീസ് അടയ്ക്കേണ്ടതില്ല.

കെട്ടിട ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നതിന് 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ചു തയ്യാറാക്കിയ അപേക്ഷയോടൊപ്പം അവകാശം കൈമാറിയത് സംബന്ധിച്ച് അസ്സൽ രേഖ/പ്രമാണം/ഒറിജിനലും പകർപ്പും, വസ്തു കൈവശക്കാരൻ മരണപ്പെട്ടതാണെങ്കിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ്, മുൻ ഉടമയുടെ വിശ്വസനീയമായ സമ്മതപത്രം, കെട്ടിട നമ്പർ, കരം ഒടുക്കിയ രശീത്, ആധാരത്തിന്റെ ഒറിജിനലും പകർപ്പും, പ്രമാണമാണെങ്കിൽ കെട്ടിട നമ്പർ സൂചിപ്പിച്ചിട്ടില്ലെങ്കിൽ ടി സർവ്വെ നമ്പറിൽ ടി കെട്ടിടം നിൽക്കുന്നുവെന്ന് സാക്ഷ്യപ്പെടുത്തി വില്ലേജ് ആഫീസർ നൽകിയ സർട്ടിഫിക്കറ്റ് എന്നിവ നൽകണം. സാധാരണ നിലയിൽ 5 ദിവസത്തിനുള്ളിൽ സർട്ടിഫിക്കറ്റ് ലഭ്യമാണ്. എന്നാൽ മുൻ ഉടമയുടെ സമ്മതപത്രം ഇല്ലെങ്കിൽ ഒരു മാസം വരെ എടുക്കാം.

അതുപോലെ താമസ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും സെക്രട്ടറിയ്ക്കു തന്നെയാണ് അപേക്ഷിക്കേണ്ടത്. വെള്ളക്കടലാസിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പൊട്ടിച്ച് എന്താവശ്യത്തിനെന്ന് സൂചിപ്പിച്ച അപേക്ഷയാണ് നൽകേണ്ടത്. നികുതി കുടിശ്ശിക അടച്ചു തീർത്തിരിക്കുകയും കെട്ടിട നമ്പർ കാണിച്ചിരിക്കുകയും വേണം. വാടകയ്ക്ക് താമസിക്കുന്നവർ അപേക്ഷയോടൊപ്പം കെട്ടിട ഉടമസ്ഥന്റെ സമ്മതപത്രം, വാടക ചീട്ടിന്റെ പകർപ്പ് എന്നിവ കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്.

പുതിയ കെട്ടിടത്തിന് നമ്പർ നൽകി നികുതി ചുമത്തുന്നതിനും സെക്രട്ടറിയ്ക്കു തന്നെയാണ് അപേക്ഷ നൽകേണ്ടത്. കെട്ടിട നിർമ്മാണം പൂർത്തിയാകുകയോ താമസം തുടങ്ങുകയോ ചെയ്താൽ 15 ദിവസത്തിനകം തൊട്ടടുത്ത കെട്ടിടത്തിന്റെ നമ്പർ സൂചിപ്പിച്ച് അപേക്ഷിക്കണം. നിർണ്ണയിക്കപ്പെടുന്ന നികുതിയാണ് ഫീസായി അടയ്ക്കേണ്ടത്. വേറെ ഫീസില്ല. സാധാരണ നിലയിൽ അപേക്ഷ നൽകി 5 ദിവസങ്ങൾക്കകം സർട്ടിഫിക്കറ്റ് ലഭ്യമാകും. പുതിയ വിവരങ്ങളിലേക്കുള്ള ജാലക കാഴ്ചകളുമായി അടുത്ത ലക്കത്തിൽ വീണ്ടും കാണാം.



# സഭാവാർത്തകൾ

സി. ഡെൽസ മരിയ FCC, മാപ്രാണം

**1. സഭൈക്യസാക്ഷ്യമായി ഫ്രാൻസീസ് പാപ്പ:**

ക്രൈസ്തവ ശിഷ്യത്വത്തിന്റെ വിളിയും ദൗത്യവും പ്രഘോഷിക്കുന്നതായിരുന്നു ഫ്രാൻസീസ് മാർപാപ്പയുടെ വിശുദ്ധനാട് തീർത്ഥാടനം. 60 മണിക്കൂറിനുള്ളിൽ മൂന്ന് രാഷ്ട്രങ്ങൾ സന്ദർശിച്ച് രാഷ്ട്രതലവന്മാരുമായും മതനേതാക്കളുമായും ചർച്ച നടത്തിയും ബലഹീനരെ ചേർത്തുപിടിച്ചും പാപ്പാ ഐക്യത്തിന്റെ സന്ദേശം നൽകി. ഓർത്തഡോക്സ് സഭകളുടെ എക്യുമെനിക്കൽ പാത്രിയർക്കീസായ ബർത്തലോമിയ ഒന്നാമനുമായി ജറുസലെമിൽ പ്രാർത്ഥിച്ച പാപ്പാ യഹൂദറബ്ബിയേയും ഇസ്ലാമികപണ്ഡിതനേയും വിലാപമതിലിനടുത്തുവച്ച് ആശ്ലേഷിക്കുകയും ചെയ്തു.

**2. അടുത്ത ദിവ്യകാരുണ്യ കോൺഗ്രസ് ഫിലിപ്പീൻസിൽ:**

51-ാംമത് അന്താരാഷ്ട്ര ദിവ്യകാരുണ്യകോൺഗ്രസ് 2016 ജനുവരിയിൽ ഫിലിപ്പീൻസിൽ വച്ച് നടക്കും "നമ്മിലെ യേശു മഹത്വത്തിന്റെ പ്രത്യാശ" എന്നതാണ് ദിവ്യകാരുണ്യ കോൺഗ്രസിന്റെ വിഷയം.

**3. അസാധാരണ സിനഡ്- പ്രാർത്ഥനാദിനം**

നവ സുവിശേഷവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ കുടുംബം നേരിടുന്ന അജപാലനവെല്ലുവിളികൾ എന്ന വിഷയത്തെ അധികരിച്ച് ഒക്ടോബറിൽ നടക്കാൻ പോകുന്ന ബിഷപ്പുമാരുടെ അസാധാരണ സിനഡിനുള്ള മാർഗ്ഗരേഖ വത്തിക്കാനിൽ പ്രസിദ്ധീകരിച്ചു. സെപ്റ്റംബർ 28ന് സിനഡിനുള്ള ഒരുക്കമായി ആഗോളപ്രാർത്ഥനാദിനം ആചരിക്കും.

**4. കെ.സി.ബി.സി. മതാധ്യാപക അവാർഡുകൾ**

വിശ്വാസപരിശീലനരംഗത്ത് നിസ്തുലസേവനങ്ങൾ നൽകിയ മതാധ്യാപകർക്ക് കെ.സി.ബി.സി. ഏർപ്പെടുത്തിയ 2014ലെ അവാർഡിന് താമരശ്ശേരി രൂപതയിലെ C.D. വർക്കി (സീറോമലബാർ), പുനലൂർ രൂപതയിലെ Y സാമുവേൽ (ലത്തീൻ), തിരുവനന്തപുരം മലങ്കര അതിരൂപതയിലെ Dr. എബ്രാഹം ജോർജ്ജ് (സീറോ മലങ്കര) എന്നിവർ അർഹരായി.

**5. ഫാ. തൈത്തോട്ടത്തിന് സംസ്ഥാന അവാർഡ്**

കേരള സംസ്ഥാനത്തെ ഏറ്റവും മികച്ച ലഹരിവിരുദ്ധ പ്രവർത്തനത്തിനുള്ള 2013-2014 ലെ കേരള ഗവൺമെന്റ് അവാർഡ് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയിൽ നിന്ന് റവ. ഫാ. തോമസ് തൈത്തോട്ടം ഈയിടെ ഏറ്റു വാങ്ങുകയുണ്ടായി. ദീർഘകാലമായി മലബാറിലെ കുടിയേറ്റമേഖലയിലും സംസ്ഥാനതലത്തിലും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് ശക്തമായ നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന ഫാ. തൈത്തോട്ടത്തിന്റെ നിസ്തുല സേവനങ്ങളെ പരിഗണിച്ചാണ് ഈ അവാർഡ്.






**ജെസ്റ്റിൻ ജോസ് എം.**

ഈ ലക്കത്തിൽ ഇലക്ട്രോ കാർഡിയോഗ്രാഫി അഥവാ ഇ.സി.ജി. യെ കുറിച്ച് പരിചയപ്പെടാം. ഹൃദയത്തിന്റെ ഇലക്ട്രിക്കൽ ആക്റ്റിവിറ്റി ശരീരോപരിതലത്തിൽ വച്ചിരിക്കുന്ന ചില ഇലക്ട്രോഡുകളുടെ സഹായത്തോടെ റെക്കോഡ് ചെയ്യുകയാണ് ഇവിടെ ചെയ്യുന്നത്. ഹൃദയത്തിന്റെ ഇലക്ട്രിക്കൽ ആക്റ്റിവിറ്റി രേഖപ്പെടുത്താൻ പലശ്രമങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും 1903ൽ വില്യം എയ്ന്തോവൻ, സ്ട്രിംഗ് ഗാൽവനോമീറ്റർ ഉപയോഗിച്ച് നടത്തിയ ശ്രമമാണ് ഇക്കാര്യത്തിൽ വലിയ മുന്നേറ്റം നൽകിയത്.

ഹൃദയത്തിന്റെ സൈനോ ആട്രിയൽ നോഡിൽ (SA node) ആരംഭിക്കുന്ന ഇലക്ട്രിക്കൽ പൾസ്, ഹൃദയത്തിലെ ചാലക സംവിധാനത്തിലൂടെ ഹൃദയപേശികളിലേക്ക് പ്രവേശിക്കുന്നു. ഇത് ഹൃദയപേശികളെ സങ്കോചിപ്പിക്കുകയും സിസ്റ്റോൾ എന്ന ഉയർന്ന രക്തസമ്മർദ്ദം ഉണ്ടാവുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള വൈദ്യുത തരംഗങ്ങളെ ശരീരത്തിൽ പ്രത്യേകമായി സ്ഥാപിച്ച സ്ഥലങ്ങളിൽ നിന്നും ഇലക്ട്രോഡുകൾ ശേഖരിക്കുന്നു. ശരീരത്തിൽ ഹൃദയത്തിനനുബന്ധമായി വിവിധ വശങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന ഇലക്ട്രോഡുകൾ ശേഖരിക്കുന്ന വൈദ്യുത തരംഗങ്ങൾ, വിവിധ ഹൃദയപേശികളുടെ പ്രവർത്തനത്തെകുറിച്ച് ധാരണ നൽകുന്നു. ഇത് ഹൃദയത്തിന്റെ പൊതുവെയുള്ള മിടിപ്പിനേയും ഹൃദയപേശികൾക്കുണ്ടായിട്ടുള്ള മന്ദത അറിയുന്നതിന് സൂചന നൽകുന്നതിനും സഹായിക്കുന്നു.

ഹൃദയമിടിപ്പിന്റെ അപാകതകളറിയാൻ ഇന്നും ഇ.സി.ജി. പ്രയോജനപ്രദമാണ്. പ്രത്യേകിച്ചും പൊട്ടാസ്യം പോലുള്ള ലവണങ്ങളുടെ അളവിലുണ്ടായിട്ടുള്ള മാറ്റം മുഖേന കാണിക്കുന്ന ഹൃദയപേശികളിലെ ചില കോശങ്ങളുടെ അപാകതകൾ. ഹാർട്ട് അറ്റാക്ക് പോലുള്ള കാര്യങ്ങളിൽ ഇ.സി.ജി. നാശമാകപ്പെട്ട ഹൃദയപേശികളെകുറിച്ച് വിവരം നൽകുന്നു. എന്നാൽ ഹൃദയത്തിലെ എല്ലാ ഭാഗങ്ങളിലേയും ഹൃദയപേശികൾക്ക് സംഭവിച്ചിരിക്കുന്ന നാശം ഇ.സി.ജി.യിൽ വ്യക്തമാകണമെന്നില്ല. അതുപോലെ ഹൃദയത്തിന്റെ രക്തം പമ്പു ചെയ്യുന്നതിനുള്ള കഴിവിനെക്കുറിച്ച് കൃത്യമായി അവലോകനം നടത്താനും ഇ.സി.ജി. ക്കാവില്ല. ഇത്തരം സന്ദർഭങ്ങളിൽ അൾട്രാസൗണ്ട് ബെയ്സ്ഡ് എക്കോ കാർഡിയോഗ്രാഫിയെയോ ന്യൂക്ലിയർ മെഡിസിൻ ടെസ്റ്റുകളേയോ ആശ്രയിക്കേണ്ടിവരും.

ഇലക്ട്രോഡുകൾ ശേഖരിക്കുന്ന വൈദ്യുത സിഗ്നലുകളെ മോണിറ്ററുകളിലൂടെയോ, സ്റ്റൈലസ് പെൻ, ഗ്രാഫ് പേപ്പർ സംവിധാനത്തിലൂടെയോ ദൃശ്യവൽക്കരിക്കുന്നു. ഈ കണ്ടുപിടുത്തത്തിന് എയ്ന്തോവന് 1924ൽ നോബൽ സമ്മാനം ലഭിച്ചു.

**ബാലപംക്തി**



# ഗുരുദക്ഷിണ

**ക്രിസ്റ്റിപോളി ആഴ്ചങ്ങാടൻ**

സെപ്റ്റംബർ 5 അദ്ധ്യാപകദിനമാണ്. അദ്ധ്യാപകരോടുള്ള ബഹുമാനവും ആദരവും കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ അദ്ധ്യാപകദിനത്തിന്റെ പ്രാധാന്യം വളരെ വലുതാണ്. മാതാപിതാ ഗുരു ദൈവം എന്ന് നിങ്ങളെല്ലാവരും കേട്ടിരിക്കുമല്ലോ. മാതാപിതാക്കൾ കഴിഞ്ഞാൽ ഗുരുക്കൻമാർക്കുള്ള സ്ഥാനം പറയേണ്ടതില്ലല്ലോ. ഭാരതീയ സംസ്ക്കാരവും പാരമ്പര്യവുമനുസരിച്ച് ഗുരുക്കൻമാരെ ദൈവതുല്യരായി കണക്കാക്കുന്നു. ഇതിഹാസങ്ങളിലും പുരാണങ്ങളിലുമെല്ലാം ഗുരുഭക്തിയുടെ കഥകൾ കാണാം. വിദ്യാഭ്യാസം വിദ്യ അഭ്യസിക്കലാണ്. അറിവ് പകർന്നു നൽകുന്ന ഗുരുവിനോടുള്ള ബഹുമാനത്തിന്റേയും സ്നേഹത്തിന്റേയും ഉത്തമ ഉദാഹരണമാണ് മഹാഭാരത്തിലെ ഏകലവ്യന്റെ ഗുരുദക്ഷിണ.

ഗുരുദ്രോണരുടെ അരുമശിഷ്യനാണ് പാണ്ഡു പുത്രൻ അർജ്ജുനൻ. അർജ്ജുനനെ ലോകത്തിലെ ഏറ്റവും പ്രഗൽഭനായ വില്ലാളി വീരനാക്കുക എന്ന ലക്ഷ്യത്തോടെയാണ് ദ്രോണാചാര്യർ അർജ്ജുനനെ അസ്ത്രവിദ്യകൾ അഭ്യസിപ്പിക്കുന്നത്. ഈ പരിശീലനം ഒളിഞ്ഞു വീക്ഷിച്ചാണ് കാട്ടുവാസിയായ ഏകലവ്യനെന്ന ബാലൻ അസ്ത്രവിദ്യകൾ അഭ്യസിച്ചത്. ഗുരുവിനോടുള്ള ആദരവ് മൂലം കാടിനുള്ളിൽ ദ്രോണാചാര്യരുടെ ഒരു പ്രതിമ നിർമ്മിച്ച്, ഗുരുവിനെ മനസ്സിൽ നമസ്ക്കരിച്ച് വണങ്ങിയതിനുശേഷം ഏകലവ്യൻ ആ പ്രതിമക്ക് മുന്നിൽ തന്റെ പ്രകടനങ്ങൾ അഭ്യസിക്കും. ഒരിക്കൽ, പാണ്ഡവരുടെ പരിശീലനസമയത്ത് മറ്റാരും കാണാതെ ഒളിച്ചിരുന്ന ഏകലവ്യൻ ലക്ഷ്യസ്ഥാനത്തേക്ക് അമ്പെയ്തു. അമ്പെയ്തത് ആരെന്ന് അറിയാൻ ആ ദിശയിലേക്ക് പഞ്ചപാണ്ഡവർ പാഞ്ഞു. അങ്ങിനെ അവർ ഏകലവ്യനെ കണ്ടെത്തി.

ഏകലവ്യന്റെ ഗുരുഭക്തിയും സ്നേഹവും മനസ്സിലാക്കിയെങ്കിലും, ദ്രോണാചാര്യർ ഗുരുദക്ഷിണയായി അവന്റെ പെരുവിരൽ മുറിച്ച് നൽകാനാണ് ആവശ്യപ്പെട്ടത്. ഒരു വില്ലാളിയെ സംബന്ധിച്ചിടത്തോളം പെരുവിരല്ലില്ലാതെ അവന് അമ്പെയ്ത്ത് നടത്തുവാൻ സാധ്യമല്ല. എന്നാൽ ഗുരുഭക്തിമൂലം തന്റെ പെരുവിരൽ മുറിച്ച് ഏകലവ്യൻ ഗുരുദക്ഷിണ നൽകി. ആ പെരുവിരൽ നഷ്ടപ്പെട്ടില്ലായിരുന്നെങ്കിൽ വില്ലാളിവീരനായ അർജ്ജുനനേക്കാൾ വീരനാകുമായിരുന്നു ഏകലവ്യൻ.

**കൂട്ടുകാരെ, പ്രധാന കാര്യം ഇതാണ്. അദ്ധ്യാപകരെ ബഹുമാനിക്കാനും അവരർഹിക്കുന്ന ആദരവ് നൽകാനും നിങ്ങൾക്കു കഴിയണം.**

# വിശുദ്ധരുടെ ജീവിതത്തിലൂടെ...

## വാ. മദർ തെരേസ (സെപ്തംബർ 5)

സി. ഡെൽസ മരിയ FCC,
മാപ്രാണം





സിസ്റ്റർ തെരേസക്ക് 36 വയസ്സായിരുന്നു. സെന്റ് മേരീസ് സ്കൂളിലെ ഏവർക്കും പ്രിയപ്പെട്ട അധ്യാപിക. ഭൂമിശാസ്ത്രവും സംഗീതവും കളികളും പഠിപ്പിക്കുന്ന സിസ്റ്റർ. പ്രഗൽഭയായ പ്രിൻസിപ്പൽ. ലൊറേറ്റോ സന്യാസ സഭാംഗം. ഹിന്ദിയും ബംഗാളിയും സംസാരിക്കുന്ന ഏവരുടേയും പ്രിയ 'മാ'. "തെരുവുകളിൽ ആരോരുമില്ലാതെ നരകിച്ചു മരിക്കുന്ന ലക്ഷങ്ങളുടെ അടുത്തേക്ക് നീ എന്നെ കൊണ്ടു പോകൂ.... അവർ കഴിഞ്ഞുകൂടുന്ന ഇരുണ്ട താവളങ്ങളിൽ എനിക്ക് ഒറ്റക്കു പോകാനാവില്ല. എന്നെ അവർക്കറിയില്ല. അതുകൊണ്ട് നീ അവരുടെ അടുത്ത് എന്നെ കൊണ്ടുപോയി അവർക്ക് കൊടുത്തേപറ്റൂ". യേശു തന്നോട് ഈ വാക്കുകൾ നിർബന്ധപൂർവ്വം പറയുന്നത് സിസ്റ്റർ തെരേസയ്ക്ക് വ്യക്തമായി. പക്ഷേ എങ്ങനെ പോകും? കൽക്കട്ടയിലെ തെരുവുകൾ ഭീകരത നിറഞ്ഞതാണ്. അക്രമവും കൊള്ളയും വ്യഭിചാരവും പിടിച്ചുപറിയുമെല്ലാം പതിവുകാര്യങ്ങൾ. അങ്ങോട്ട് താൻ ഒറ്റയ്ക്ക് എങ്ങനെ പോകും? എന്നാൽ യേശുവിന്റെ സ്വരം വ്യക്തമായിരുന്നു. "സ്നേഹത്തിന്റെ മിഷനറിമാർ എന്ന പേരിൽ ഒരു സന്യാസ സമൂഹം തുടങ്ങണം".

12-ാം പീയൂസ് മാർപാപ്പ ലൊറേറ്റോ സന്യാസ സമൂഹത്തിൽ നിന്ന്


പുറത്തുപോയി പുതിയ ശുശ്രൂഷ നടത്താൻ മദർ തെരേസയ്ക്ക് അനുവാദം നൽകി. കൽക്കട്ടയിലെ ചേരികളിൽ തനിയെ തൂപ്പുജോലിചെയ്യുന്ന സ്ത്രീകളുടെ വേഷമായ നീലകരയോടുകൂടിയ വെള്ളസാരി തന്റെ ഔദ്യോഗിക വസ്ത്രമായി അവൾ സ്വീകരിച്ച് ചേരികളിലേക്കിറങ്ങി - തനിയെ. തൂപ്പുകാരിയുടെ വേഷം ധരിച്ച കന്യാസ്ത്രിയെ സംശയത്തോടെയാണ് പലരും നോക്കി കണ്ടത്. രോഗികളുടെ മുറിവ് വച്ചുകെട്ടാനും കുത്തിവയ്ക്കാനും പഠിക്കാനായി പാറ്റ്നയിൽ പോയി മൂന്നുമാസത്തെ നഴ്സിംഗ് പരിശീലനം നേടി. മടങ്ങിയെത്തിയ മദർതെരേസ "പാവങ്ങളുടെ കൊച്ചുസഹോദരികൾ"എന്ന സന്യാസ സഭയുടെ മഠത്തിൽ താമസിച്ചുകൊണ്ട് കൽക്കട്ടയിലെ ചേരികളിലേക്ക് ദിവസവും രാവിലെതന്നെ ഇറങ്ങിതിരിച്ചു. അവിടെ കണ്ണീരിന്റെയും വേദനയുടെയും നിരാശയുടെയും വെറുപ്പിന്റെയും മരണത്തിന്റെയും മുമ്പിൽ തെരേസയുടെ കൈകളും കാലുകളും മനവും ഹൃദയവും, തന്റെ നാഥനുവേണ്ടി ചലിച്ചു. നടന്നുമടുത്തു വഴിയോരങ്ങളിൽ ഒറ്റക്കിരിന്നു വേദനിച്ചപ്പോൾ വിശപ്പും ദാഹവും മാത്രമായിരുന്നില്ല മദർതെരേസയ്ക്ക്. തനിക്ക് കിടന്നുറങ്ങാൻ ഒരു കൊച്ചു മുറിയില്ലല്ലോ എന്ന ചിന്ത ഭാരപ്പെട്ടതായിരുന്നു. താനും വഴിയോരത്തെ അഗതികളിലൊരാളായി മാറി തുടങ്ങിയപ്പോൾ താൻ യേശുവിനെപോലെ കുരിശിന്റെ വഴികളിലാണന്ന് മനസ്സിലായി. എന്തെന്നില്ലാത്ത ആനന്ദം അവൾക്കനുഭവപ്പെട്ടു.

1949 ഫെബ്രുവരിയിൽ കൽക്കട്ടയിലെ-14 ഗ്രീക്ക് ലെയ്നിലെ ശോമസ് കുടുംബം താമസിക്കുന്ന വീടിന്റെ മുകളിലത്തെ നില, താമസിക്കാനായി മദറിന് ലഭിച്ചു. 1949 മാർച്ചിൽ മദർതെരേസയുടെ മുൻ വിദ്യാർത്ഥികളിലൊരാൾ മദറിനോടൊത്ത് സഹായത്തിനെത്തി - സുഭാഷിണിദാസ്. തുടർന്നങ്ങോട്ട് ദാനം ലഭിക്കുന്നതിന്റെയും അംഗസംഖ്യ വർധിക്കുന്നതിന്റെയും ഒരു പെരുമഴ തന്നെയായിരുന്നു. അങ്ങനെ കൽക്കട്ടയുടെ ചേരികൾ നീലക്കരയുള്ള വെള്ളസാരി ചുറ്റിയ മാലാഖമാരാൽ നിറഞ്ഞു.

മദറിന്റെ സ്വപ്നങ്ങൾക്ക് അതിരുകളില്ലായിരുന്നു. ഇന്ത്യയുടെ വിവിധ കോണുകളിലേക്കു മാത്രമല്ല അഞ്ചു ഭൂഖണ്ഡങ്ങളിലേക്കും മിഷനറീസ് ഓഫ് ചാരിറ്റി നീലക്കരയുള്ള വെള്ളസാരിയുടെ സമർപ്പണം പറിച്ചുനട്ടു. റഷ്യയും ചൈനയും പോലും ഈ ധാർമ്മിക ശക്തിക്കുമുമ്പിൽ വഴിമാറി. കടുത്ത മനസ്സുകൾ പോലും ആ സ്നേഹസ്പർശനത്തിനായി കാത്തുനിന്നു. അംഗീകാരത്തിന്റെയും ആദരവിന്റെയും നടുവിൽ തന്റെ പരിമിതികളെകുറിച്ച് മദർ വേദനിച്ചിരുന്നു. രാവിലെ ഒരു മണിക്കൂർ ദേവാലയത്തിൽ ദിവ്യകാരുണ്യത്തിനു മുമ്പിൽ ആരാധന നടത്തിയശേഷം ദിവ്യബലിയിൽ പങ്കുകൊണ്ട് ദൈവികശക്തികൊണ്ടു നിറഞ്ഞതിനുശേഷം മാത്രമേ മദറും സഹോദരിമാരും തങ്ങളുടെ ദിവസം ആരംഭിച്ചിരുന്നുള്ളു. ദിവ്യബലിയുടേയും ആരാധനയുടേയും ആ മണിക്കൂറുകളായിരുന്നു അവർക്ക് ആശ്വാസത്തിന്റെയും സാന്ത്വനത്തിന്റെയും നിമിഷങ്ങൾ എങ്ങനെ ഇത് സാധിക്കുന്നു

ശേഷം 31-ാം പേജിൽ

# കുരിശിലെ പ്രേഷിതത്വം



പോളി അറയ്ക്കൽ



ത്രിത്വൈക ദൈവത്തിലെ രണ്ടാമത്തെയാളും ദൈവപുത്രനുമായ യേശുക്രിസ്തു മനുഷ്യജന്മം സ്വീകരിച്ച് കന്യകയുടെ പുത്രനായി "അപ്പത്തിന്റെ ഭവനം" എന്ന് മറുപേരുള്ള ബത്‌ലേഹമിലെ കാലിതൊഴുത്തിൽ പിറന്ന് പിതാവായ ദൈവത്തിന്റെ തിരുഹിതം പൂർത്തിയാക്കാൻ, കാലത്തിന്റെ പൂർണതയിൽ, തന്നിൽ ഭരമേൽപിക്കപ്പെട്ട നവമായൊരു ജീവിതക്രമത്തിന്റെ ദൈവികസന്ദേശം ലോകത്തിനു നൽകി നമ്മെ നിത്യമായ സ്വർഗ്ഗീയജീവിതത്തിന് അർഹരും അവകാശികളുമാക്കി.

അതുവരെ ലോകം കാണുകയോ കേൾക്കുകയോ അനുഭവിച്ച് സ്വായത്തമാക്കുകയോ ചെയ്തിട്ടില്ലാത്ത, അതിന്റെ ദൃഷ്ടിയിൽ തികച്ചും അവിശ്വസനീയമായ ജീവിതവാഗ്ദാനം - സകലവിധ സ്വാർത്ഥതകളിൽനിന്നും പാപ - മ്ലേച്ഛതകളിൽ നിന്നും വിടുതലും സമ്പൂർണ്ണ വിമോചനവും സാദ്ധ്യമാക്കുന്ന സ്നേഹത്തിന്റെയും പരസ്പരവിശ്വാസത്തിൽ അധിഷ്ഠിതമായ സഹവർത്തിത്വത്തിന്റെയും ജീവദായകമായ സന്ദേശംനൽകി അവൻ ആത്മാവിന്റെ ഉണർവ്വും ഉത്തേജനവുമായി. അങ്ങനെ അക്കാലത്ത് നിലവിലിരുന്ന ആശാസ്യമല്ലാത്ത പല ആചാരക്രമങ്ങളുടേയും, അനുഷ്ഠാന വൈകൃതങ്ങളുടേയും കടുത്ത വിമർശകനുകനുമായി. സ്വാർത്ഥതാൽപര്യങ്ങൾക്കും സ്വേച്ഛാധിപത്യ വ്യാപാരങ്ങൾക്കുംവേണ്ടി, ദൈവത്തേയും മതനിയമങ്ങളേയും നീതിന്യായവ്യവസ്ഥകൾ പിൻതുടർന്ന കീഴ്വഴക്കങ്ങളേയും സാഹചര്യങ്ങൾക്കനുസൃതമായി ദുർവ്യാഖ്യാനം ചെയ്ത് ജനത്തെ ചൂഷണം ചെയ്യുന്ന, നിരന്തരം കബളിപ്പിക്കുന്ന തങ്ങളുടെ കാപട്യത്തിന്റെ മേലങ്കി വലിച്ചു കീറപ്പെട്ടാലോ എന്ന ഉൾഭയം അന്നത്തെ മതമേലധികാരികളിലും ഭരണനിർവ്വഹണമേഖലകളിൽ അവിഹിത സ്വാധീനം ചെലുത്തിപ്പോന്നിരുന്ന സമുദായ-പുരോഹിതപ്രമാണിക

ളിലും കടന്നുകൂടി. സ്വതവേ കടുത്ത മതവിശ്വാസികളായിരുന്ന സാമാന്യ യഹൂദജനതയെ പ്രലോഭിപ്പിച്ചും പ്രകോപിപ്പിച്ചും യേശുവിനെതിരായി തിരിച്ചുവിടുന്നതിൽ ഒരു പരിധിവരെ അവർ വിജയിച്ചു. അങ്ങനെ യേശുക്രിസ്തു ക്രമേണ അവരുടെ കണ്ണിലെ കരടായി, ധിക്കാരിയായി, മതവിശ്വാസങ്ങളുടെ നിഷേധിയായി, ദൈവദൂഷകനായി, യഹോവായുടെ സ്വന്തംജനം - യഹൂദർ എന്ന പേരുണ്ടായത് ഈ അർത്ഥത്തിലാണ് - എന്ന് അന്ധമായി അഭിമാനിച്ചിരുന്ന യഹൂദജനതയെ ദുഷ്പ്രചരണങ്ങളിലൂടെ വഴിതെറ്റിക്കാൻ ശ്രമിച്ചവനായി! ദൈവവും ദൈവപുത്രനുമാണെന്ന് അഹങ്കരിച്ച് രാജാധികാരത്തേയും സത്യദൈവത്തേയും നിഷേധിക്കുകയും ധിക്കരിക്കുകയും ചെയ്ത കൊടിയ പാപിയും ദൈവദ്രോഹിയുമായി! എന്നിട്ടോ അങ്ങനെയുള്ള ഏതൊരുവനും ലഭിക്കാവുന്ന എന്നല്ല, നിശ്ചയമായും ലഭിച്ചിരിക്കേണ്ട "ന്യായമായ ശിക്ഷാവിധിയേ" യേശുവിനും അവർ വിധിച്ചുള്ളു. ഇക്കാര്യത്തിലും നിലവിലിരുന്ന പല കീഴ്‌വഴക്കങ്ങളും വ്യവസ്ഥകളും അവർ കണ്ടില്ലെന്ന് നടിച്ചു. ഈ ആധുനിക കാലഘട്ടത്തിലും ഇത്തരത്തിലുള്ള നീതി നിർവഹണം സുലഭം!

യഹൂദജനതയുമായി സർവ്വഥാ ഇടപഴകി അവരോടുകൂടി ജീവിച്ച യഹൂദനായ യേശുവിൽനിന്നും ലഭിച്ച എണ്ണമറ്റ നന്മകളും, അവരുടെ അവശതകളിലും ആകുലതകളിലും ആഹ്ലാദങ്ങളിലും ഒരുപോലെ പങ്കുചേർന്ന് അത്ഭുതങ്ങളും അടയാളങ്ങളും നിറഞ്ഞ പ്രഭാഷണങ്ങളും ഉപദേശങ്ങളും വഴി തങ്ങളെ നിരന്തരം സാന്ത്വനിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്ത അവനെ ഒരു മാത്രനേരം കൊണ്ടവർ മറന്നുകളഞ്ഞു. "ഒരു പ്രവാചകനു സ്വന്തം നാട്ടിൽ സ്വീകരിക്കപ്പെടുന്നില്ല" (ലൂക്ക 4:24) എന്ന തിരുവചനം യേശുവിന്റെ കാര്യത്തിലും പൂർത്തിയാകുമാറ് അവരവന് പകരമായി നൽകിയത് അറുതിയറ്റ പീഢനങ്ങൾ, നിന്ദാപമാനങ്ങൾ, ആണിമുനകൾ തുളഞ്ഞുകയറുന്ന ചമ്മട്ടിയടികൾ, കൂർത്ത മുള്ളുകളിൽ മെടഞ്ഞെടുത്ത കിരീടം, ചുമലിൽ ജീവനെടുക്കാൻ, താൻ ഉയിരേകി അനുഗ്രഹിച്ച സ്വന്തം ജനം വിധിച്ചു നൽകിയ വലിയൊരു മരകുരിശ്. ദാഹം തീർക്കാൻ കയ്പുനീരും! അവനേകിയ ആശ്വാസത്തിന്റേയും ആത്മീയാനന്ദത്തിന്റേയും സ്വർഗ്ഗീയ വിരുന്നിന് കിട്ടിയ പ്രതിഫലം! മുന്നാണികളിൽ തൂങ്ങികിടന്ന് പിടയുമ്പോഴും അതാ അവൻ അതിദീനം മൊഴിയുന്നു........ "പിതാവേ അവരോടു പൊറുക്കേണമേ; അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല" (ലൂക്ക. 23:34) താൻ ദൈവമാണെന്നതിന് ഇതിലും വലിയൊരു തെളിവ് ഇനി അവന് നൽകാനുണ്ടോ?

അതുകൊണ്ടുതന്നെയാണ് അവനോടൊപ്പം കുരിശിൽ തറയ്ക്കപ്പെട്ട കള്ളന്മാരിലൊരുവൻ സ്വന്തം ചെയ്തികളിൽ, പാപജീവിതത്തിൽ പശ്ചാത്ത

ശേഷം 31-ാം പേജിൽ

**വിശുദ്ധരുടെ ജീവിതത്തിലൂടെ** (തുടർച്ച)

എന്ന ചോദ്യത്തിന് ''ഞങ്ങൾ രോഗികളെയല്ല ശുശ്രൂഷിക്കുന്നത്, യേശുവിനെയാണ്. ഇതൊരു സാമൂഹ്യപ്രവർത്തനമല്ല, സ്നേഹസമർപ്പണമാണ്''. ഈ സ്നേഹസമർപ്പണത്തിൽ മുഴുകിയിരിക്കെ 1997 സെപ്തംബർ 5ന് നിത്യസമ്മാനത്തിനായി മദർ തെരേസ വിളിക്കപ്പെട്ടു.

മഹാത്മാഗാന്ധിയുടെ ഭൗതിക ശരീരം വഹിച്ചുകൊണ്ടുപോയ അതേ രഥത്തിൽതന്നെ മദർതെരേസയുടെ ഭൗതികശരീരത്തിന് അന്ത്യയാത്രയൊരുക്കി ഭാരതജനത മദറിനെ ആദരിച്ചു. വിവിധ രാജ്യങ്ങളിൽ നിന്നെത്തിയ ആയിരത്തിലധികം രാഷ്ട്രപ്രതിനിധികളുടെയും ലക്ഷക്കണക്കിന് ജനങ്ങളുടെയും സാന്നിധ്യത്തിൽ മദറിന്റെ പൂജ്യദേഹത്തെ കൽക്കട്ടയിലെ മദർഹൗസിൽ ഒരുക്കിയ കബറിടം ഏറ്റുവാങ്ങി. തലമുറകളിലെ ആയിരക്കണക്കിനു ധീരവനിതകൾക്ക് അഭിമാനപൂർവ്വം എടുത്തുധരിക്കാൻ ഒരു ക്രൂശിതരൂപവും, നീലക്കരയുള്ള വെള്ളസാരിയും ബാക്കിവച്ചിട്ട് മദർ യാത്രയായി. ജീവിക്കുന്ന വിശുദ്ധ എന്നറിയപ്പെട്ടിരുന്ന മദറിനെ 2003 ഒക്ടോബർ 17ന് വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു.

---

**കുരിശിലെ പ്രേഷിതത്വം** (തുടർച്ച)

പിക്കാൻ ഇടവന്നത്. യേശുനാഥൻ മൊഴിഞ്ഞ കരുണയും ആർദ്രതയും മുറ്റിനിന്ന വാക്കുകൾ നന്മയുടെ വെളിച്ചം അറ്റുപോയിട്ടില്ലായിരുന്ന അവന്റെ ഹൃദയത്തിൽ മാനസാന്തരത്തിന്റെ സൽഫലമായി ലഭിച്ച ദൈവീകാനന്ദത്തിന്റെ ഇരുതലവാളായി ആഴ്ന്നിറങ്ങി! ഉള്ളുതുറന്ന ഏറ്റുപറച്ചിലിന്റെ സ്വരത്തിലുള്ള പ്രാർത്ഥന അവനു നൽകിയത് നിത്യ ജീവന്റെ സ്വർഗ്ഗീയ സമ്മാനമായിരുന്നു. ''ഞാൻ സത്യമായി നിന്നോടുപറയുന്നു, നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും'' (ലൂക്ക 23 :43). ഒരായിരം വട്ടം ചിന്തിക്കാനും പ്രാർത്ഥിക്കാനും കാരണമാകുന്ന ദൈവിക കരുണയുടെ ആർദ്രമായ പ്രകാശനം! ജീവരക്തം ചിന്തി തമ്പുരാൻ നേടിയ ജീവന്റെ വൃക്ഷത്തിലെ ആദ്യ ഫലം!

(മുന്തിരിത്തോട്ടത്തിലെ ജോലിക്കാർ (മത്തായി 20:1-16) പണപിരിവുകാരനായിരുന്ന സക്കേവൂസ് (ലൂക്ക 19:1-10) പാപിനിയായിരുന്ന സമരിയാക്കാരി സ്ത്രീ (യോഹ 4:7-25) ശതാധിപന്റെ ഭൃത്യൻ (ലൂക്കാ 7:1-10) ജായ്റോസിന്റെ പുനർജീവിക്കപ്പെട്ട മകൾ (ലൂക്കാ.8:40-56) എന്നീ വചനഭാഗങ്ങൾ നമുക്കോർക്കാം.

---

## മരണം

| പേര് | തീയതി | യൂണിറ്റ് |
|---|---|---|
| ചിറയത്ത് ആഴ്ചങ്ങാടൻ പോളി ഭാര്യ ജോളി | 31-07-2014 | സെന്റ് അൽഫോൻസ |
| പാത്താടൻ പത്രോസ് ഭാര്യ ഏല്യ | 10-08-2014 | ഹോളിക്രോസ് |
| മഞ്ഞളി കുഞ്ഞുവറീത് ദേവസ്സി | 19-08-2014 | സെന്റ് ജോൺ I |

# ക്വിസ് മത്സരം

(1) "ഫമദീഹന" ആചാരം അധികവും നടക്കുന്നത് ഏതു മാസങ്ങളിലാണ്?

(2) ഇമാം അലി തീർത്ഥാടന കേന്ദ്രം സ്ഥിതിചെയ്യുന്നത് എവിടെയാണ്?

(3) യേശു ക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം നിങ്ങളിലും ഉണ്ടാവട്ടെ! ഏതു മനോഭാവം?

(4) വി.റോസായുടെ ആത്മീയഗുരുവായ പുരോഹിതന്റെ പേര്?

(5) മാമ്മോദീസ-സ്ഥൈര്യലേപനം-കുർബ്ബാന എന്നക്രമം നടപ്പിലാക്കിയ പാപ്പ?

(6) നസിംഹിക്മത് (പാലസ്തീൻ കവി) യുദ്ധത്തിനെതിരെ എഴുതിയ കവിത?

(7) 4-ാം നൂറ്റാണ്ടുമുതൽ നിദ്രയുടെ തിരുനാൾ എന്നപേരിൽ കിഴക്കൻ സഭകളിൽ ആചരിച്ചു പോന്നിരുന്നത് ആരുടെ തിരുനാളാണ്?

(8) "എട്ടാം ദിവസം പരിച്ഛേദനം ചെയ്യപ്പെട്ടവനാണു ഞാൻ. ഇസ്രായേൽ വംശത്തിലും ബെഞ്ചമിൻ ഗോത്രത്തിലും പിറന്നവൻ". ഈ വാക്കുകൾ ആരെപറ്റിയാണ്?

(9) സീറോ മലബാർ സഭയുടെ കേരളത്തിനു പുറത്തുള്ള ആദ്യത്തെ മേജർ സെമിനാരി?

(10) "ക്രിസ്തുവിനോടുള്ള ബഹുമാനത്തെ പ്രതി നിങ്ങൾ പരസ്പരം വിധേയരായിരിക്കുവിൻ". ലേഖനം - അദ്ധ്യായം - വാക്യം?

(11) USG യുടെ പൂർണ്ണരൂപം?

(12) റെയിൽ തൊഴിലാളികൾക്ക് വി. കുർബാന അർപ്പിക്കുന്നതിനായി ഞായറാഴ്ചകളിൽ ട്രെയിനിൽ സൗജന്യയാത്ര അനുവദിച്ചുകിട്ടിയ വൈദികൻ?

(13) ഭൂമദ്ധ്യരേഖയ്ക്ക് 5 ഡിഗ്രി വടക്കായി സ്ഥിതി ചെയ്യുന്ന സ്ഥലം?

(14) ബാല്യകാലത്ത് ലൊലക് എന്ന പേരിൽ അറിയപ്പെട്ടിരുന്ന മാർപാപ്പ?

(15) കത്തോലിക്കാ സഭയിലെ 264-ാമത്തെ പോപ്പ് ആരാണ്?

(16) ഒരു വിശുദ്ധന്റെ ഭൗതികശരീരം ദഹിപ്പിക്കപ്പെട്ടത് 1945 ആഗസ്റ്റ് 15ന് ആണ്. ആരാണ് ആ വിശുദ്ധൻ?

---

അവലംബം : ആഗസ്റ്റ് ലക്കം ഹോളിവോയ്സ്, കേരളസഭ, വി. പൗലോസ്ശ്ലീഹ ഫിലിപ്പിയർക്കെഴുതിയ ലേഖനം : ഉത്തരങ്ങൾ വെള്ളകടലാസിലെഴുതി ഹോളിവോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തിയ്യതി 15-09-2014.

---

**ആഗസ്റ്റ് ലക്കം ക്വിസ് മത്സര വിജയി : ജിൽന ജോൺ**

മത്സരത്തിൽ പങ്കെടുത്ത 21 പേരിൽ 16 പേർ ശരിയുത്തരം എഴുതി. അവരിൽ നിന്നും നറുക്കെടുത്ത് ഫാ. ജോസ് മാളിയേക്കൽ വിജയിയെ പ്രഖ്യാപിച്ചു.

---

**കഴിഞ്ഞ ലക്കം ക്വിസ് മത്സരവിജയി**

**ജിൽന ജോൺ**

മാളിയേക്കൽ വീട്,

സെന്റ് മേരീസ് യൂണിറ്റ്.



**അഭിനന്ദനങ്ങൾ**

# നല്ല ശീലങ്ങളുടെ പ്രാധാന്യം



മേരി ജോർജ്ജ് പള്ളിത്തറ

മോളി ആന്റിയെ ഈ അടുത്ത് ഒരു ബസ്സ് യാത്രക്കിടയിലാണ് കണ്ടുമുട്ടിയത്. വിശേഷങ്ങളൊക്കെ പങ്കുവെച്ച കൂട്ടത്തിൽ മകൻ വിവാഹം കഴിച്ചുകൊണ്ടുവന്ന പെൺകുട്ടിയുടെ കാര്യങ്ങൾ ചോദിച്ചയുടനെ വലിയ വിഷമത്തോടെ ആന്റി പറഞ്ഞു. പുതിയ പിള്ളാരല്ലേ, അവർക്ക് തോന്നിയ മാതിരിയാ. തുടർന്ന് ആരോടും പറയരുതെന്ന മുഖവുരയോടെ പുതിയ മരുമകളുടെ വിശേഷങ്ങൾ ആന്റി പറയാൻ തുടങ്ങി. അതിപ്രകാരം സംഗ്രഹിക്കാം. ഏഴര കഴിഞ്ഞേ എഴുന്നേൽക്കൂ, മുറ്റമടിക്കുകയോ വീടടിച്ച് വൃത്തിയാക്കുകയോ ചെയ്യില്ല. അപ്പനോടോ അമ്മയോടോ യാതൊരുവിധ ബഹുമാനവും ഇല്ല. ആരോടും ഒരു പരിഗണനയോ, മറ്റുള്ളവർക്ക് പങ്കുവെച്ചുകൊടുത്ത് കഴിക്കണമെന്ന ചിന്തയോ ഇല്ല പിന്നെ ഏതുസമയവും ഒരുമൊബൈൽ ചെവിയിൽ വെച്ചുള്ള നടപ്പും. ഇത്രയുമായപ്പോൾ എനിക്കിറങ്ങേണ്ട സ്ഥലമായി. ആൺപെൺ വ്യത്യാസമില്ലാതെ നമ്മുടെ കുട്ടികളെക്കുറിച്ച് കേൾക്കുന്ന പരാതികളാണിവ. ചൊട്ടയിലെ ശീലം ചുടലവരെ എന്ന് കേട്ടിട്ടില്ലേ. അതുകൊണ്ട് നമ്മുടെ മക്കളിൽ വളർത്തേണ്ട ചില നല്ല ശീലങ്ങളെ കുറിച്ച് പറയട്ടെ

അതിരാവിലെ ഉണരാനും, ഉണർന്നു കഴിഞ്ഞാൽ വീണ്ടും കിടക്കാതെ കുരിശടയാളം വരച്ച് വലത്തോട്ട് തിരിഞ്ഞ് എഴുന്നേൽക്കാനും കുഞ്ഞുങ്ങളായിരിക്കുമ്പോൾ തന്നെ ശീലിപ്പിക്കുക. കിടക്ക വൃത്തിയാക്കി, പുതപ്പ് മടക്കിവെച്ച് എണീറ്റുവന്ന് രൂപത്തിനു മുന്നിൽ പ്രാർത്ഥിക്കാനും ശീലിപ്പിക്കണം. ടൂത്ത് ബ്രഷ് വായിൽപിടിച്ച് സംസാരിക്കാനോ വെറുതെയിരുന്ന് സമയം പാഴാക്കാനോ പാടില്ല. മാത്രമല്ല അതിരാവിലെ പഠിക്കുന്നത് ബുദ്ധിക്കും ഓർമ്മക്കും ഗുണകരമാണെന്ന് അവരെ പറഞ്ഞു മനസ്സിലാക്കണം. പത്രങ്ങളും പുസ്തകങ്ങളും, വസ്ത്രങ്ങളും അടക്കി ഒതുക്കിവയ്ക്കാനും, സ്കൂളിലേക്ക്, കൊണ്ടുപോകേണ്ട ഐഡികാർഡ്, ബാഗ്, യൂണിഫോം എന്നിവ കൃത്യസ്ഥലങ്ങളിൽ വെയ്ക്കാനും അവരെ ശീലിപ്പിക്കണം. സ്കൂളിൽ പോകുന്ന സമയത്ത് വീടുകൾ യുദ്ധക്കളമായി മാറരുത്. അവനവന്റെ ഷൂ പോളീഷ് ചെയ്യാനും ടൈം ടേബിൾ പ്രകാരം പുസ്തകങ്ങൾ എടുത്തുവെയ്ക്കാനും ആണെന്നോ പെണ്ണെന്നോ വ്യത്യാസമില്ലാതെ മക്കളെ ശീലിപ്പിക്കണം. മക്കൾ ചെറുതല്ലേ, കുറച്ചുകൂടി കഴിയട്ടെ എന്നൊക്കെ കരുതി അപ്പനമ്മമാർ എല്ലാം ചെയ്തുകൊടുത്താൽ മോളി ആന്റി പറഞ്ഞതുപോലെ നമ്മുടെ മക്കളെക്കുറിച്ചും പലതും കേൾക്കേണ്ടി വരും. അവരുടെ കൂടെ താങ്ങും തണലുമായി മാതാപിതാക്കളായ നമ്മളും ഉണ്ടാകണം. എങ്കിൽ മക്കൾ ഒരിക്കലും വഴിതെറ്റിപ്പോകില്ല. പുതിയ തീരുമാനങ്ങളുമായി വരും കാലം ആസ്വദിക്കാൻ സർവ്വേശ്വരൻ ഇടവരുത്തട്ടെ.



# പിന്നിട്ട ലോകം

ജെസ്റ്റോ മാമ്പിള്ളി

- കോമൺവെൽത്ത് ഗെയിംസ് സ്ക്വാഷ് വനിത ഡബിൾസിൽ മലയാളി താരം ദീപിക പള്ളിക്കൽ ഉൾപ്പെട്ട ഇന്ത്യൻ ടീം സ്വർണ്ണം നേടി.
- കേരള കേഡർ 1976 ബാച്ചിലെ IPS ഉദ്യോഗസ്ഥനും ഇന്റലിജൻസ് ബ്യൂറോയുടെ മുൻ സ്പെഷ്യൽ ഡയറക്ടറുമായ ആർ.എൻ. രവി സംയുക്ത ഇന്റലിജൻസ് കമ്മിറ്റി ചെയർമാൻ
- 20 വർഷമായി തരിശുകിടന്ന കണ്ടനാട് പാടശേഖരത്ത് നെൽകൃഷി തുടങ്ങാൻ നടൻ ശ്രീനിവാസൻ പ്രസിഡൻറായി പാടശേഖര സമിതി.
- കേരളത്തിന്റെ കലയും സംസ്കാരവും പ്രകൃതിയും പ്രമേയമാക്കി ലോകമെമ്പാടുമുള്ള കുട്ടികൾ വരച്ച ആയിരം ചിത്രങ്ങളുമായി വെബ്സൈറ്റ്. ചിത്രങ്ങൾ www.keralatourism.org/clint എന്ന വെബ്സൈറ്റിൽ.
- 20-ാമത് കോമൺവെൽത്ത് ഗെയിംസ് ഗ്ലാസ്ഗോയിൽ സമാപിച്ചു. വെയ്ൽസിന്റെ റിഥമിക് ജിംനാസ്റ്റിക്സ് താരം ഫ്രാൻസെസ്കജോൺസ് മികച്ച അത്‌ലറ്റ്.
- ഹിൽമി പർവീൺ കേരള കായികചരിത്രത്തിലെ ഏറ്റവും കുറഞ്ഞ പ്രായത്തിൽ വനിത ഫിഡെ മാസ്റ്റർ പദവി കരസ്ഥമാക്കി.
- ഡെറാഡൂണിലെ ഇന്ത്യൻ മിലിട്ടറി അക്കാദമിയിലെ മികച്ച കേഡറ്റിനുള്ള "സോഡ് ഓഫ് ഓണർ" മലയാളി വിഷ്ണു പീതാബരന്.
- മലയാളിയായ സഞ്ജു സാംസൺ ഇന്ത്യൻ ക്രിക്കറ്റ് ടീമിൽ.
- നാൽപതിലേറെ പഴങ്ങൾ കായ്ക്കുന്ന ഒരു മരം US ലെ സീറാക്കൂസ് സർവ്വകലാശാലയിലെ പ്രൊഫ. സാം വാൻ അക്കൻ കണ്ടുപിടിച്ചു.
- കാസർകോഡ് സ്ഥാപിതമായ കേന്ദ്രസർവ്വകലാശാല വൈസ് ചാൻസലറായി കേരളസർവ്വകലാശാല സോഷ്യൽ സയൻസ് വിഭാഗം മുൻ ഡീൻ ജി.ഗോപകുമാറിനെ രാഷ്ട്രപതി നിയമിച്ചു
- ജലവും കാർബൺ ഡൈ ഓക്സൈഡും ആഗിരണം ചെയ്ത് ഓക്സിജൻ പുറന്തള്ളുന്ന കൃത്രിമ സിന്തറ്റിക് ഇല-സിൽക് ലീഫ് ബ്രിട്ടീഷ് ഗവേഷകൻ ജൂലിയൻ മെൽഖി കണ്ടുപിടിച്ചു.
- കൊഴുപ്പുകൂടിയ ഭക്ഷണം സ്ഥിരമാക്കിയാൽ ഘ്രാണശേഷി കുറയുമെന്ന് പഠനം
- സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശവുമായി മഹാത്മാഗാന്ധിയുടെ അർധകായ പ്രതിമ ഇനി ദക്ഷിണ കൊറിയയിലും.

# നിങ്ങൾക്കറിയാമോ?



ബീന തോമസ് ചേറേങ്ങാടൻ

**മാനത്ത് മാരിവില്ലെന്തുകൊണ്ട് എന്നറിയാമോ?**

നിങ്ങളെല്ലാവരും മാനത്ത് മഴവില്ല് കണ്ടിട്ടില്ലേ? എങ്ങിനെയാണ് മഴവില്ലുണ്ടാകുന്നതെന്നറിയാമോ? പ്രകൃതിയിലെ മനോഹര ദൃശ്യങ്ങളിലൊന്നായ മഴവില്ല് ഏഴുനിറങ്ങളടങ്ങിയതാണ്. ഞാനൊരിക്കൽ ചിന്തിച്ചിട്ടുണ്ട്, എന്തുകൊണ്ടാണ് മഴവില്ല് അർദ്ധവൃത്താകൃതിയിൽ കാണപ്പെടുന്നത് എന്ന്. നിങ്ങൾക്കും ഈ സംശയങ്ങളൊക്കെ തോന്നിയിട്ടുണ്ടാകും അല്ലേ? അന്തരീക്ഷത്തിൽ തങ്ങി നിൽക്കുന്ന ജലകണികകളിൽ സൂര്യപ്രകാശം തട്ടിച്ചിതറുമ്പോഴാണ് മഴവില്ലുണ്ടാകുന്നത്. വായുവിൽ നിന്നും സാന്ദ്രതകൂടിയ വെള്ളത്തിലേക്ക് കടക്കുമ്പോൾ പ്രകാശരശ്മികൾക്ക് ദിശാമാറ്റം സംഭവിക്കുന്നു. അതായത് രശ്മി വളയുന്നു. ഓരോ തരംഗദൈർഘ്യത്തിലുള്ള രശ്മികൾക്കുണ്ടാകുന്ന ദിശാമാറ്റം വ്യത്യസ്തമായിരിക്കുന്നതിനാൽ മഴത്തുള്ളിക്കുള്ളിൽ കടക്കുമ്പോൾ സൂര്യപ്രകാശം അതിന്റെ ഘടകവർണങ്ങളായി പിരിയുന്നു. ഈ രശ്മികളിലൊരുഭാഗം ജലകണികയുടെ ഉൾപ്രതലത്തിൽതട്ടി തിരികെ പ്രതിഫലിക്കുന്നു. രശ്മികളെല്ലാം കൂടി 41.5 ഡിഗ്രി വ്യാസാർദ്ധമുള്ള ഒരു വൃത്തമാണ് ആകാശത്ത് സൃഷ്ടിക്കുന്നത്. അതായത് തരംഗദൈർഘ്യം ഏറ്റവും കൂടുതലുള്ള ചുവന്നരശ്മിയും തരംഗദൈർഘ്യം ഏറ്റവും കുറഞ്ഞ വയലറ്റ് രശ്മിയും അവക്കിടയിലായി മറ്റു സൗരവർണങ്ങളുമുള്ള ഒരു വൃത്തമായാണ് മഴവില്ലുണ്ടാകുന്നത്. എന്നാൽ ഇതിന്റെ കേന്ദ്രബിന്ദു സൂര്യനും നമ്മുടെ കണ്ണും ചേർന്നുണ്ടാക്കുന്ന അക്ഷത്തിലായിരിക്കും. ഇത് ചക്രവാളത്തിന് താഴെയായിരിക്കുന്നതുകൊണ്ട് വൃത്തത്തിന്റെ പകുതിഭാഗമേ നമുക്ക് കാണാൻ കഴിയുന്നുള്ളുവെന്നു മാത്രം. എങ്കിലും വിമാനത്തിലും മറ്റും സഞ്ചരിക്കുമ്പോൾ മഴവില്ല് വൃത്തമായിത്തന്നെ കാണാൻ കഴിയും. അടുത്ത ലക്കത്തിൽ വേറൊരു പുതിയ അറിവുമായി വരാം.

---

## മതബോധന - പി.ടി.എ. ഭാരവാഹികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | : | തൊമ്മാന വാറുണ്ണി ചാർളി |
| സെക്രട്ടറി | : | ആർഫി ആന്റണി, കുറ്റിക്കാടൻ |
| ട്രഷറർ | : | പഴേടത്തുപറമ്പിൽ ലോനപ്പൻ ജോയ് |
| കമ്മറ്റി അംഗങ്ങൾ | : | തെക്കൂടൻ വർക്കി ജോൺസൻ |
| | | കള്ളാപറമ്പിൽ പൗലോസ് സെബി |
| | | ചേറേങ്ങാടൻ തോമസ് ബീന |
| | | ചാലിശ്ശേരി ജോൺസൻ ഷേർളി |

# മെഗാ ക്വിസ് മത്സരം – 2014

ഹോളിവോയ്സിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 27–ാം തിയ്യതി നടത്തിയ മെഗാ ക്വിസ് മത്സരം വിജയിപ്പിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും ഞങ്ങൾ കൃതജ്ഞത രേഖപ്പെടുത്തുന്നു. ഹോളിവോയ്സിന്റെ നിലവിലുള്ള കമ്മിറ്റി രൂപീകരിക്കുവാനും ഹോളിവോയ്സിന്റെ പുനഃപ്രസിദ്ധീകരണത്തിനും നേതൃത്വം വഹിച്ച അന്നത്തെ വികാരി ബഹു. ജോജി കല്ലിങ്ങച്ചനെ ഞങ്ങൾ ഈ സന്ദർഭത്തിൽ സ്നേഹാദരങ്ങളോടെ സ്മരിക്കുന്നു. വിജയികൾക്കുള്ള സമ്മാനങ്ങൾ ആഗസ്റ്റ് 3–ാം തിയ്യതി ഞായറാഴ്ച ആദ്യത്തെ വി. കുർബ്ബാന മദ്ധ്യേ വിതരണം ചെയ്തു.

ക്വിസ് മൽസരത്തിന്റെ സംഘാടനത്തിലും പാരിഷ്ബുള്ളറ്റിന്റെ പ്രസിദ്ധീകരണത്തിലും ഞങ്ങൾക്ക് താങ്ങും തണലുമായി എന്നും ഞങ്ങളോടൊപ്പമുള്ള ബഹു. ജോസ് മാളിയേക്കലച്ചന് ഞങ്ങൾ ഹൃദയപൂർവ്വം നന്ദി പറയുന്നു. മൽസരത്തിന്റെ നടത്തിപ്പിന് എല്ലാ ക്രമീകരണങ്ങളും ഒരുക്കിതന്ന ബഹു. ട്രസ്റ്റിമാരേയും ഞങ്ങൾ നന്ദിപൂർവ്വം സ്മരിക്കുന്നു. ഉദ്ഘാടനച്ചടങ്ങിൽ നിലവിളക്ക് തെളിയിക്കാൻ ഞങ്ങളുടെ ക്ഷണം സ്വീകരിച്ചെത്തിയ വിശിഷ്ട വ്യക്തികളെയും ബഹു. സിസ്റ്റേഴ്സിനേയും ഞങ്ങൾ ആദരപൂർവ്വം ഓർക്കുന്നു. മൽസരത്തിൽ പങ്കെടുത്ത 13 യൂണിറ്റിലെ ടീമംഗങ്ങളോടും അവരെ സജ്ജരാക്കിയ യൂണിറ്റ് ഭാരവാഹികളോടും ഞങ്ങൾ കൃതജ്ഞതയുളളവരാണ്. മൽസരം സജീവമാക്കാനും മൽസരാർത്ഥികളെ പ്രോൽസാഹിപ്പിക്കാനും എത്തിചേർന്ന ഇടവകാംഗങ്ങളോടും ഞങ്ങൾ നന്ദി പറയുന്നു. നല്ല നിലവാരത്തിൽ മൽസരം ഒരുക്കിയ ശ്രീ. ജോൺ ലൂയിസ് അവർകൾക്കും ഞങ്ങളുടെ കൂപ്പുകൈ. 1–ാം സമ്മാനം സ്പോൺസർ ചെയ്ത കള്ളാപറമ്പിൽ ട്രേഡേഴ്സിന്റെ സാരഥികളെ ഞങ്ങൾ നന്ദിയോടെ ഓർക്കുന്നു. പള്ളിജീവനക്കാരുടെ സഹകരണത്തിനും ഞങ്ങളുടെ നന്ദി. ഹോളിവോയ്സ് എല്ലാ മാസവും പ്രസദ്ധീകരിക്കുവാൻ ഞങ്ങൾക്ക് സാധ്യമാകുന്നത് ഇടവകസമൂഹത്തിന്റ സഹകരണം കൊണ്ടാണെന്ന് ഞങ്ങൾക്ക് ബോധ്യമുണ്ട്. ഈ സഹകരണം തുടർന്നും ഉണ്ടാകണമെന്നും അഭ്യർത്ഥനയോടെ, എല്ലാവർക്കും കൃതജ്ഞതയുടെ നറുമലരുകളുമായി....

ഹോളിവോയ്സ് കമ്മിറ്റി.

## കഴിഞ്ഞ ലക്കം കളറിംഗ് മത്സര വിജയികൾ

**L.P. വിഭാഗം**

**അലോഷ്യസ് ജോസ്**

ആലുക്കൽ വീട്,
സെന്റ് ജോസഫ് യൂണിറ്റ്
മതബോധനം IV





**U.P. വിഭാഗം**

**ആരോൺ ഷാജി**

ചേലാട്ടുപറമ്പിൽ വീട്,
സെന്റ് അൽഫോൻസ യൂണിറ്റ്
മതബോധനം VI B

# കളർ കൊടുക്കൂ... സമ്മാനം നേടൂ!



പേര് ..............................................................................................................

വീട്ടുപേര് ..............................................................................................................

മതബോധന ക്ലാസ്സ് ...............................യൂണിറ്റ്.................................................

---

മതബോധനം LP - UP തലത്തിലെ വിദ്യാർത്ഥികൾക്കുള്ള മത്സരം. ഹോളി വോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തീയതി **സെപ്തംബർ 15**

കവിത

# കുരിശുമുത്തപ്പൻ



ജോൺ കെ.ജെ, കോമ്പാറക്കാരൻ

കാലിതൊഴുത്തിൽ പിറന്നവനേ
കാൽവരി കുന്നിൽ മരിച്ചവനേ
മരണത്തെ ജയിച്ചുയർത്തേറ്റവനേ
ഈ ലോകത്തെ കാക്കുന്ന നായകനേ

കാനായിൽ നീ ആദ്യ അത്ഭുതമായ്
തളർവാത രോഗിക്കു മെയ്കരുത്തായ്
പത്തു കുഷ്ഠ രോഗികൾക്കു ദിവ്യവൈദ്യനായ്
പാപികൾ ഞങ്ങൾക്കു നീ പാപവിമോചകൻ

കാണാത്ത കണ്ണിനു നേർക്കാഴ്ചയായ്
കേൾക്കാത്ത കാതിനു ദൈവശബ്ദമായ്
വിശക്കുന്ന മക്കൾക്കു ആവോളമപ്പമായ്
വിശ്വാസികൾ ഞങ്ങൾക്കു നീ വിശ്വരക്ഷകൻ

പാപപരിഹാരത്തിൻ പ്രിയസുനുവായ്
ഉരുകുന്ന തിരിതൻ തീനാളമായ്
മാനവർക്കെന്നും മാർഗ്ഗദീപമായ്
മാപ്രാണ നാടിന്റെ കുരിശുമുത്തപ്പൻ

പഴമതൻ മണമുള്ള ഈ ദേവാലയം
തീർത്ഥ കേന്ദ്രമാക്കി നീ ഉയർത്തുകയായ്
ഇവിടെ വരുന്നോർക്കു ദർശനമായ്
ഇനിയും വളർത്തണേ നിന്റെ ആലയം....

## വിവാഹം

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | വരനും വധുവും | തീയതി |
|---|---|---|---|---|
| മാപ്രാണം<br>പാലക്കാട്ടുമല<br>(പാല) | കുറ്റിക്കാടൻ<br>തെക്കേത്തറപ്പിൽ | ദേവസി+ലിസി<br>ഫിലിപ്പ്+മേരി | സിന്റോ<br>സോഫിയ | 06 – 08 – 2014 |

## മാമ്മോദീസ

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | ശിശുവിന്റെ പേര് | ജനനം | മാമ്മോദീസ |
|---|---|---|---|---|---|
| മാപ്രാണം | മഞ്ഞളി | ആന്റണി+പ്രിൻസി | എൽറോയ് (ജോർജ്) | 28 – 04 – 2014 | 10 – 08 – 2014 |
| മാപ്രാണം | എലുവത്തിങ്കൽ | ഫ്രാങ്ക്ളിൻ+രമ്യ | ബെൻസിമർ (അന്തോണി) | 21 – 05 – 2014 | 17 – 08 – 2014 |

# ഹോളിവോയ്സ് മെഗാ ക്വിസ് മത്സരം

27 – 07 – 2014, സ്നേഹാഞ്ജലി ഹാൾ

## ഫൈനൽ റൗണ്ടിൽ മത്സരിച്ച യൂണിറ്റുകളുടെ അഭിമാന താരങ്ങൾ

### ഒന്നാം സ്ഥാനവും 2000 രൂപ ക്യാഷ്പ്രൈസും

**സെന്റ് റോസ് യൂണിറ്റ്**



ലൗലി ഷാജു



ജിൻസി ജോൺസൺ

### രണ്ടാം സ്ഥാനവും 1000 രൂപ ക്യാഷ്പ്രൈസും

**ഇൻഫന്റ് ജീസസ് യൂണിറ്റ്**



ജാസ്മിൻ ജോസഫ്



അഖില ജിമ്മി

### പ്രോത്സാഹന സമ്മാനം

**സെന്റ് ജോസഫ് യൂണിറ്റ്**



ആൽവിൻ വിൻസെന്റ്



നവ്യ കെ. ജിജിമോൻ

**ഹോളിക്രോസ് യൂണിറ്റ്**



ജെൻസൺ NP



ജിബി ജോസ്

**സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്**




സിനി പോൾ



സിൻസി സിജീഷ്

**സെന്റ് അൽഫോൻസ യൂണിറ്റ്**



നിത്യ മാത്യു



ജെനീറ്റ മാത്യൂസ്

മെഗാ ക്വിസ് മത്സരം



ഹോളിവോയ്സ് മെഗാ ക്വിസ് മത്സരം – 27 – 07 – 2014
റവ. ഫാ. ജോസ് മാളിയേക്കൽ ഉദ്ഘാടനം ചെയ്യുന്നു.



ഓസ്ട്രിയയിൽ നിന്നുള്ള തീർത്ഥാടക സംഘം റവ. ഫാ. വർഗ്ഗീസ് താണിയത്തിന്റെ നേതൃത്വത്തിൽ
2014 ആഗസ്റ്റ് 6ന് ചരിത്രപ്രസിദ്ധമായ മാപ്രാണം ഹോളിക്രോസ് തീർത്ഥാടന ദൈവാലയം സന്ദർശിച്ചപ്പോൾ

# ബൈബിൾ കലണ്ടർ : സെപ്റ്റംബർ - 2014

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | **1**<br>ലൂക്കാ 6:43 - 45<br>1 യോഹ 4:7 - 11 | **2**<br>മത്താ 9:18 - 26<br>1 തെസ 3:2 - 6 | **3**<br>മത്താ 24:37 - 44<br>1 തെസ 5:1 - 11 | **4**<br>മത്താ 12:46 - 50<br>റോമ 15:14 - 21 | **5**<br>മത്താ 15:18 - 25<br>യാക്കോ 2:14 - 17 | **6**<br>ലൂക്കാ 2:15 - 6, 20 - 24<br>1 യോഹ 2:1 - 6 |
| **7**<br>ലൂക്കാ 18:35 - 43<br>2 തെസ 1:3 - 10<br>നിയ 6:20 - 25 | **8**<br>മത്താ 1:1 - 16<br>വെളി 12:1 - 6<br>ഉത്പ 17:15 - 22 | **9**<br>ലൂക്കാ 9:23 - 27<br>ഗലാ 3:15 - 20 | **10**<br>ലൂക്കാ 12:41 - 48<br>ഗലാ 4:8 - 11 | **11**<br>ലൂക്കാ 17:20 - 37<br>1 പത്രോ 1:22 - 25 | **12**<br>ലൂക്കാ 12:54 - 59<br>റോമാ 8:18 - 25 | **13**<br>മത്താ 13:44 - 51<br>2 പത്രോ 3:8 - 13 |
| **14**<br>ലൂക്കാ 24:13 - 37<br>1 കോറി 1:18 - 25<br>സംഖ്യ 21:4 - 9 | **15**<br>മത്താ 5:43 - 48<br>ഫിലി 4:10 - 14 | **16**<br>മത്താ 23:29 - 36<br>2 പത്രോ 3:1 - 7 | **17**<br>മത്താ 24:29 - 36<br>1 തെസ 4:13 - 18 | **18**<br>മത്താ 25:31 - 40<br>1 തിമോ 1:12 - 17 | **19**<br>ലൂക്കാ 4:31 - 37<br>2 തിമോ 2:1 - 7 | **20**<br>ലൂക്കാ 15:1 - 7<br>കൊളോ 1:24 - 29 |
| **21**<br>മത്താ 17:14 - 21<br>ഫിലി 3:1 - 11<br>നിയ 9:1 - 8 | **22**<br>യോഹ 8:39 - 47<br>1 യോഹ 5:13 - 21 | **23**<br>മത്താ 10:26 - 33<br>റോമ 3:1 - 8 | **24**<br>മത്താ 21:18 - 22<br>2 കോറി 13:5 - 10 | **25**<br>മത്താ 11:11 - 19<br>2 പത്രോ 2:20 - 22 | **26**<br>മത്താ 15:1 - 9<br>2 പത്രോ 1:20 - 2:3 | **27**<br>മത്താ 9:35 - 38<br>1 കോറി 1:26 - 31 |
| **28**<br>മത്താ 15:21 - 28<br>ഫിലി 4:4 - 9<br>നിയ 9:13 - 24 | **29**<br>യോഹ 1:43 - 51<br>വെളി 12:7 - 12 | **30**<br>മർക്കോ 9:42 - 48<br>തീത്തോ 2:11 - 14 | | | | |